നം. എൽഎഫ്ജിഎ - 5/406/12

ലോക്കൽ ഫ ് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി
ഡയറക്ടറുടെ ജില്ലാ കാര്യാലയം,
ആലപ്പുഴ, തീയതി 23 - 05 - 2013
email ddhglfalpy@gmail.com

# ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 2010-2011 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 - ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) - ാം വകുപ്പ്, 1994 - ലെ കേരളാ ലോക്കൽ ഫ□് ഓഡിറ്റ് നിയമം 13 - ാം വകുപ്പ്, 1996 - ലെ കേരളാ ലോക്കൽ ഫ□് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

---

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും : ശ്രീ. പി. ആർ രഘുജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 2010 - 2011 സാമ്പത്തിക വർഷത്തെ വരവു - ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയു ായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയു ായി.

പഞ്ചായത്ത് 01 - 09 - 2010 മുതൽ 31 - 05 - 2011 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗ ുകളിൽ നിന്നുളള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയു ായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 03 - 01 - 2011 മുതൽ<br>07 - 01 - 2011 വരെ | 2010 - 11ലെ വരവു ചെലവു കണക്കുകൾ | ശ്രീ. ബാബു റിയാസ്സുദ്ദീൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. അനിൽകുമാർ ആശാരി, സെല.ഗ്രേ.ഓഡിറ്റർ |
| 03 - 03 - 11 മുതൽ<br>29 - 03 - 11 വരെ | | ശ്രീ. ആർ. അശോകൻ, ഓഡിറ്റ് ഓഫീസർ<br>എൻ. വിജയകുമാർ, സെല.ഗ്രേ.ഓഡിറ്റർ |
| 06 - 04 - 11 മുതൽ<br>23 - 04 - 11 വരെ | | ശ്രീമതി. എൻ. സുജ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സജിതാദാസ്, സെല.ഗ്രേ.ഓഡിറ്റർ |
| 06 - 06 - 11 മുതൽ<br>30 - 06 - 11 വരെ | | ശ്രീ. ബാബു റിയാസ്സുദ്ദീൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. എം. പ്രശോഭൻ, സെല.ഗ്രേ.ഓഡിറ്റർ |
| 04 - 07 - 11 മുതൽ<br>29 - 07 - 11 വരെ | | ശ്രീ. എൻ. മുരളീധരൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ആർ.സി. മഞ്ജു, സെല.ഗ്രേ.ഓഡിറ്റർ |
| 17 - 08 - 11 മുതൽ<br>31 - 08 - 11 വരെ | | ശ്രീ. ഹരികുമാർ.ജി., ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ആശ. എം.വി. സെല.ഗ്രേ.ഓഡിറ്റർ |
| 16 - 09 - 11 മുതൽ<br>30 - 09 - 11 വരെ | | ശ്രീമതി. വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. എസ്സ്. സബിത, സെല.ഗ്രേ.ഓഡിറ്റർ |
| 14 - 11 - 11 മുതൽ<br>16 - 02 - 12 വരെ | | ശ്രീ. ആർ. അശോകൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. അനൂപ് എൻ. നമ്പൂതിരി, സീ. ഗ്രേ.ഓഡിറ്റർ |
| 17 - 02 - 2012 മുതൽ<br>27 - 02 - 2012 വരെ | | ശ്രീ. ആർ അശോകൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി. എൻ. സുജ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ബി. ലിജിലാൽ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സജിതാ ദാസ്, സെല. ഗ്രേ. ഓഡിറ്റർ<br>ശ്രീ. വി. എസ്സ്. ഷാജി സെല. ഗ്രേ. ഓഡിറ്റർ<br>ശ്രീ. സി. സി. ജ്യോതിമോൻ, സെല. ഗ്രേ. ഓഡിറ്റർ<br>ശ്രീ.ജി. അനിൽകുമാർ,ആശാരി, സെല. ഗ്രേ. ഓഡിറ്റർ<br>ശ്രീ. ആർ. ജയകൃഷ്ണ, സീനി. ഗ്രേ. ഓഡിറ്റർ<br>ശ്രീ. അനൂപ് എൻ. നമ്പൂതിരി, സീ. ഗ്രേ.ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

പ്രസിഡന്റ് : 1. ശ്രീ. ആർ.നാസർ 01-04-2010 മുതൽ 30-09-2010 വരെ
2. അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി 1) ശ്രീ. പി. വേണുഗോപാൽ. ഐഎഎസ്സ് ജില്ലാകളക്ടർ, ആലപ്പുഴ,
2) ശ്രീ. കെ. ജനാർദ്ദനൻ പിള്ള, പി.ഡി. പി.എ.യു
3) ശ്രീ. ജി.മോഹനൻ പിള്ള, സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.
01-10-2010 മുതൽ 07-11-2010 വരെ
3. അഡ്വ. യു. പ്രതിഭാ ഹരി, 08-11-2010 മുതൽ 31-03-2011 വരെ

സെക്രട്ടറി : ശ്രീ. ജി.മോഹനൻ പിള്ള, 01-04-2010 മുതൽ 31-03-2011 വരെ

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

<u>ഭാഗം - 1 പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം - 2 വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീത് പരിശോധനയിലും, പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും ക ത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ ക ത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ:

<u>ഭാഗം -4 ധനസ്ഥിതി വിവരണവും, ഓഡിറ്റ് പ്രത്യവലോകനവും</u>

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

***<u>ഓരോ ഭാഗത്തിലും ഉൾപ്പെടുത്തിയ ഖണ്ഡികകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.</u>***

| ഖണ്ഡിക നം. | വിഷയം | തടസ്സപ്പെടുത്തിയ തുക | നിരാകരിച്ച തുക |
|---|---|---|---|
| ഭാഗം - 1 | പൊതു അവലോകനം | | |
| | **ഭാഗം – 2** | | |
| 2-1 | ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ ശരിയായ വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കാത്തത് | | |
| 2-2 | വികസന രേഖ പ്രസിദ്ധീകരണം പരസ്യക്കൂലി ഈടാക്കിയില്ല. | | |
| | **ഭാഗം–3** | | |
| 3-1 | പ്രീ-മെട്രിക് ഹോസ്റ്റലിന് ആർഓ പ്ലാന്റ്-ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത ഇനത്തിനായി ചെലവ് നടത്തി - പ്ലാന്റ് പ്രവർത്തനക്ഷമമായതുമില്ല. | 7,05,262/- | |
| 3-2 | ഇന്റർനെറ്റ് വരിസംഖ്യ-സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സ്വകാര്യ കമ്പനിയുടെ കണക്ഷൻ. | | |
| 3-3 | പ്രീ-മെട്രിക് ഹോസ്റ്റലിന് കമ്പ്യൂട്ടർ ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത ഇനത്തിൽ ചെലവ് | 3,12,750/- | |

Local Fund Audit Department

| | | | |
|---|---|---|---|
| 3-4 | വൈദ്യുത ചാർജ്ജ്-അധികം നൽകിയ തുക ക്രമീകരിക്കാത്തത് | 4,568/- | |
| 3-5 | പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്ക്കൂളിന് ഫർണീച്ചർ സിഡ്കോയ്ക്ക് അധിക നിരക്ക് നൽകി. | | 1,30,212/- |
| 3-6 | എസ്സ്എസ്സ്എൽസി വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് അധിക തുക നൽകിയത് | | 54,775/- |
| 3-7 | സാന്ത്വനം ചികിത്സാ പദ്ധതി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പിലാക്കിയ പദ്ധതി അപാകതകൾ | 36,700/- | |
| 3-8 | കൊയ്ത്ത് മെതി യന്ത്രങ്ങൾക്ക് മൊബൈൽ വർക്ക്ഷോപ്പ് സ്ഥാപിക്കൽ-ഓപ്പറേറ്റർമാർക്ക് പരിശീലനം രേഖകൾ ഹാജരാക്കിയില്ല. | 20,000/- | |
| 3-9 | എസ്സ് സി വനിതകൾക്ക് തയ്യൽ പരിശീലനവും യൂണിറ്റ് രൂപീകരണവും അപാകതകൾ | 21,000/-<br>5,25,000/-<br>2,60,000/- | |
| 3-10 | ചെറുകിട യൂണിറ്റുകൾക്ക് ധനസഹായം വ്യക്തമായ രേഖകളില്ല. പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകൾക്ക് നൽകിയ ധനസഹായം തിരിച്ചെ ഈടാക്കുന്നതിന് നിർദ്ദേശിക്കുന്നു. | | |
| 3-11 | അഗതി-ആശ്രയ-ഭവന നിർമ്മാണം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഇല്ല-പദ്ധതി മോണിറ്റർ ചെയ്യപ്പെടുന്നില്ല. | 26,25,000/- | |
| 3-12 എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-വിനിയോഗവിവരം സൂക്ഷിക്കുന്നില്ല. പദ്ധതി മോണിറ്റർ ചെയ്യപ്പെടുന്നില്ല. | 9,96,000/- | |
| 3-12 ബി) | ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്-വിനിയോഗ വിവരം സൂക്ഷിക്കുന്നില്ല. -പദ്ധതി മോണിറ്റർ ചെയ്യപ്പെടുന്നില്ല. | 2,54,400/- | |
| 3-13 | കാർഷിക പദ്ധതികൾ-അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളിൽ ഭൂരിപക്ഷവും നടപ്പിലാക്കാത്തത് സംബന്ധിച്ച് | | |
| 3-14 | ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫ ് - ഡിപിസി അംഗീകരിച്ച തുകയേക്കാൾ അധികം ചെലവഴിച്ചു. | 17,00,000/- | |
| 3-15 | സുവർണ്ണ ജൂബിലി മ്യൂസിയം നിർമ്മാണത്തിനായി പിൻവലിച്ച തുക (07-08) ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗ ിൽ നിഷ്ക്രിയമായി നിൽക്കുന്നു. കമ്മറ്റി തീരുമാനപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | | |
| 3-16 | ഇ എം എസ്സ് വായ്പാ അക്കൗ ിൽ നിന്നുള്ള പിൻവലിക്കലുകൾ വ്യക്തമായ ചെലവു രേഖകളില്ല. | 21,08,272/-<br>2,39,89,475/-<br>6,37,250/-<br>6,37,250/- | |
| 3-17 | ലക്ഷ്യ പ്രാപ്തിയിൽ എത്താത്ത മുൻവർഷ പ്രൊജക്റ്റുകൾ-തുടർ നടപടികൾ സ്വീകരിയ്ക്കുന്നില്ല. | | |
| 3-18 | മങ്കൊമ്പ് എടിജിവിഎച്ച്എസ്സ്എസ്സ്-ക്ലാസ്സ് മുറി നിർമ്മാണം -ക്രമരഹിതമായി അഡ്വാൻസ് നൽകി. | 5,09,770/-<br>4,25,900/- | |
| 3-19 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വസതി നിർമ്മാണത്തിലെ ക്രമവിരുദ്ധ നടപടികൾ | | |
| 3-20 | ഹരിപ്പാട് ഗവ.റ്റെക്നിക്കൽ ഹൈസ്ക്കൂൾ പുനരുദ്ധാരണം-ക്രമവിരുദ്ധ നടപടിക്രമങ്ങൾ | 18,05,000/- | |
| 3-21 | കുട്ടനാട് ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ പുനരുദ്ധാരണം കോൺക്രീറ്റിംഗ് ചെലവ് നിരാകരിയ്ക്കുന്നു. | | 94,734/- |
| 3-22 | കൊട്ടാരം-ആലുങ്കൽ റോഡ് റീ-ടാറിംഗ് ന്യൂനതകൾ | | 84,619/- |

Local Fund Audit Department

| | | | |
|---|---|---|---|
| 3-23 | കൊച്ചുപള്ളി-പ്രീതികുളങ്ങര റോഡ് പുനരുദ്ധാരണം-ബേം ഫില്ലിംഗിന് അധിക തുക നൽകിയത് 21,819/-രൂ. നിരാകരിയ്ക്കുന്നു. | | 21,819/- |
| 3-24 | ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധമായി ലെവലിംഗ് അൺഡുലേഷൻ നടത്തിയത് മൂലം അധികചെലവ്. | | 2,06,856/- |

ഭാഗം -1

## പൊതു അവലോകനം

1) ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 2010-11 വർഷത്തെ ബജറ്റ് 29-03-2010 തീയതിയിൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയു  ായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 2,10,39,42,250/- രൂപയും, ആകെ ചെലവ് 2,12,48,15,350/- രൂപയും ആയിരുന്നു. എന്നാൽ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2010-11 വർഷത്തെ ആകെ വരവ് 45,09,83,964/-രൂപയും, ആകെ ചെലവ് 33,74,52,611/- രൂപയും മാത്രമാണ്. യഥാർത്ഥ വരവും, ചെലവും ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളുടെ 25%ൽ താഴെയാണ്. വിഭവസ്രോതസ്സുകൾ യാഥാത്ഥ്യബോധത്തോടെ വിലയിരുത്തിയും, മുൻവർഷത്തെ യഥാർത്ഥ ചെലവിനെ അവലംബിച്ചും ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേ  താണ്.

2) 2010-11 വർഷത്തെ വാർഷിക കണക്കുകൾ 30-06-2011ൽ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ചിട്ടു ്. 07-10-11ൽ വാർഷിക കണക്കുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തുകയും എൽഎഫ്ജിഎ4/1386(56)/11 തീയതി 21-10-11 പ്രകാരം വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടു ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം, 5,93,015/-രൂ. ഓഡിറ്റിൽ അംഗീകരിക്കുവാൻ സാധിക്കാത്ത വിധം ചെലവ് നടത്തിയതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 3,71,25,347/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

3) 2010-11 വാർഷിക പദ്ധതിയുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ഗുരുതരമായ ന്യൂനതകൾ ഉ  ായിട്ടുള്ളതായി കാണുന്നു. തൻവർഷം നടപ്പാക്കുന്നതിനു വിഭാവനം ചെയ്യപ്പെട്ട 271 പ്രൊജക്റ്റുകളിൽ 83 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്. 70 പ്രൊജക്റ്റുകൾ ആരംഭിക്കുക പോലും ചെയ്തിട്ടില്ല. വിഭാവനം ചെയ്യപ്പെട്ട എല്ലാ പ്രൊജക്റ്റുകൾക്കുമായി 100 കോടി രൂപയാണ് അടങ്കലായി നിശ്ചയിച്ചിരുന്നത്. ഇതിൽ വികസനഫ ്, മെയിന്റനൻസ്ഗ്രാന്റ് എന്നീ ഇനങ്ങളിൽ 32.57 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ബാക്കിയായ 67.43 കോടി രൂ. വായ്പ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ഗുണഭോക്ത്യവിഹിതം, തനതു ഫ ്, എന്നീ ഇനങ്ങളിൽ സമാഹരിയ്ക്കുവാനാണ് വിഭാവിനം ചെയ്തിരുന്നത്. എന്നാൽ പദ്ധതി വിഹിതവും, മെയിന്റനൻസ് ഗ്രാന്റും മാത്രമാണ് പദ്ധതി നടത്തിപ്പിനായി ലഭിച്ചത്. പദ്ധതി അടങ്കലിന്റെ $^2/_3$ ൽ അധികം വരുന്ന മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള തുക ലഭിച്ചില്ല. ആയത് മൂലം വർഷിക പദ്ധതി അതിന്റെ സമഗ്രതയിൽ പൂർത്തിയാക്കാനോ, വികസനലക്ഷ്യം കൈവരിക്കുവാനോ കഴിഞ്ഞില്ല. ലഭ്യത ഉറപ്പാക്കാതെ വിവിധ സ്രോതസ്സുകളിൽ നിന്നും ഭീമമായ തുക പ്രതീക്ഷിച്ച് അടങ്കൽ നിശ്ചയിക്കുന്നതും, ടി തുക ലഭിക്കാത്തതു മൂലം വാർഷിക പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടാനിടയാക്കുന്നതും ആസൂത്രണത്തിലെ പാളിച്ചയാണ് വ്യക്തമാക്കുന്നത്. പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ച് ജില്ലാ പഞ്ചായത്ത് പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് സഹായകമാകുന്ന വിധത്തിൽ പ്രായോഗിക ബുദ്ധിയോടെ ആസൂത്രണവും, നിർവ്വഹണവും നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേ  താണ്. വിവിധ ഫ  ുകളുടെ വരവു-ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു

Local Fund Audit Department

4) **2010 – 11 വർഷം ആലപ്പുഴ ജില്ലാ പഞ്ചായത്തിന് ലഭിച്ച വിവിധ ഫ ിനങ്ങളുടെ വരവു ചെലവു വിവരം.**

| ഫ ിനം | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫ ് | | 3,29,73,819/- | 17,86,53,000/- | 21,16,26,819/- | 13,42,13,234/- | 7,74,13,585/- | 63% |
| മെയിന്റനൻസ് | നോൺ റോഡ് | 61,71,612/- | 2,58,56,000/- | 3,20,27,612/- | 2,28,23,575/- | 5,297,411/- | 81% |
| | റോഡ് | 30,65,187/- | 34,34,000/- | 64,99,187/- | 63,83,978/- | 40,21,835/- | 61% |
| റോഡ് പുനരുദ്ധാരണ പദ്ധതി | | | 10,00,00,000/- | 10,00,00,000/- | 5,57,50,847/- | 4,42,49,153/- | 56% |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,24,75,109/- | 85,57,000/- | 2,10,32,109/- | 1,12,91,997/- | 97,40,112/- | 54% |
| നിർമ്മൽ പുരസ്ക്കാരം ഗ്രാന്റ് (കേന്ദ്രാവിഷ്കൃതം) | | | 46,50,000/- | 46,50,000/- | - - | 46,50,000/- | - - |

5) **വികസന ഫ ിൽ നിന്നും ലഭിച്ച ഗ്രാന്റിന്റെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| വിഭാഗം | മേഖല | വിഭാവനം ചെയ്ത പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | ആരംഭിക്കാത്ത പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| പൊതുവിഭാഗം | ഉത്പാദന മേഖല | 20 | 14 | 6 | 1,98,21,824/- | 1,12,29,080/- | 56.65% |
| | സേവനമേഖല | 23 | 20 | 3 | 2,50,24,264/- | 1,71,30,491/- | 68.45 |
| | പശ്ചാത്തല മേഖല | 102 | 87 | 15 | 1,172,18,210/- | 6,61,44,575/- | 56.42 |
| | മേഖലവിഭജനത്തിൽപ്പെടാത്തവ | 5 | 5 | | 4,38,42,290/- | 4,38,42,290/- | 100 |
| | ആകെ | 150 | 126 | 24 | 20,59,06,588/- | 13,83,46,436/- | 67.18 |
| പട്ടികജാതിവിഭാഗം | ഉത്പാദന മേഖല | 7 | 2 | 5 | 1,68,46,714/- | 16,91,775/- | 10.04 |
| | സേവനമേഖല | 9 | 8 | 1 | 1,99,58,679/- | 71,57,762/- | 35.86 |
| | പശ്ചാത്തല മേഖല | 21 | 8 | 13 | 1,46,55,009/- | 28,57,768/- | 19.50 |
| | മേഖലവിഭജനത്തിൽപ്പെടാത്തവ | 2 | 1 | 1 | 3,04,82,285/- | 2,63,04,375/- | 86.29 |
| | ആകെ | 39 | 19 | 20 | 8,19,42,687/- | 3,8,011,680/- | 46.38 |
| പട്ടികവർഗ്ഗം | സേവനമേഖല | 4 | 3 | 1 | 18,49,000/- | 1,506,250/- | 81.46 |
| | ആകെ | 4 | 3 | 1 | 18,49,000/- | 1,506,250/- | 81.46 |

വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് വീഴ്ച വന്നിട്ടുള്ളതായി മേൽ കണക്കുകൾ സൂചിപ്പിക്കുന്നു. വികസന ഫ ്, മെയിന്റനൻസ് ഫ ് ഇവയുടെ ചെലവിലു ായ കുറവ് വരും വർഷങ്ങളിൽ ഭീമമായ ഷോർട്ട് ഫാളിന് ഇടവരുത്തുന്നതാണ്. ഇത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പിറകോട്ട് അടിയ്ക്കുമെന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

Local Fund Audit Department

**6) ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ**

ഫയലുകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ജില്ലാ പഞ്ചായത്ത് ജീവനക്കാരും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും വേ ത്ര ശുഷ്കാന്തി കാണിക്കുന്നില്ല. ജനകീയാസൂത്രണം നടപ്പിലാക്കി വർഷങ്ങൾക്കു ശേഷവും മിക്ക നിർവ്വഹണ ഉദ്യോഗസ്ഥരും ക്യാഷ്ബുക്ക് സൂക്ഷിക്കുകയോ, വരവ് സംബന്ധമായ വ്യക്തമായ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കായി വിവിധ ഫ ുകൾ വീതിച്ചു നൽകുന്നതല്ലാതെ ഇവയുടെ ശരിയായ വിനിയോഗം വിലയിരുത്തുന്നില്ല. ജില്ലാ പഞ്ചായത്തും, നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പിലാക്കിയ പല പദ്ധതികളും സർക്കാർ ഉത്തരവുകൾക്കും, മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി എന്നത് ശരിയായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവമാണ് വ്യക്തമാക്കുന്നത്. ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നതിനാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയു ്.

**7) ഓഡിറ്റിനോടുള്ള സമീപനം.**

2010-11 ഓഡിറ്റിനോടനുബന്ധിച്ച് 49 ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു. ഇവയിൽ 24 എണ്ണത്തിനു മാത്രമാണ് മറുപടി ലഭിച്ചത്. എക്സി. എഞ്ചിനീയർ, പൊതുമരാമത്ത് വിഭാഗം എൽഎസ്സ്ജിഡി ആലപ്പുഴയ്ക്ക് നൽകിയ എൻക്വയറികൾക്കും, പ്രൊജക്റ്റ് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, ആലപ്പുഴയ്ക്ക് നൽകിയ എൻക്വയറികൾക്കുമാണ് യാതൊരു മറുപടിയും ലഭ്യമാക്കാതിരുന്നത്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ചില എൻക്വയറികൾക്കും മറുപടി ലഭിക്കുവാനു ്. (ഉദാ;- എൻക്വയറി 1 മുതൽ 6 വരെ ക്രമ നം. 23, 35 മുതലായവ) രേഖകളും, രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കുന്നതിനുള്ള വിമുഖത ഒഴിവാക്കേ താണ്.

**8) പ്രൊജക്റ്റ് നടത്തിപ്പ്.**

ജില്ലാ പഞ്ചായത്തിന്റെ വരവിനങ്ങളിൽ കൃഷിഫാമുകളും, കൊയ്ത്ത്-മെതി യന്ത്രങ്ങളും പ്രഥമസ്ഥാനം വഹിയ്ക്കുന്നു എങ്കിലും ഇവയുടെ വരവു-ചെലവു സംബന്ധമായ വ്യക്തമായ രേഖകൾ സൂക്ഷിക്കുന്നില്ല. (ഖ. 2-1 കാണുക) ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത ഇനങ്ങൾക്കായി ചെലവു വരുത്തിയതിന്റെ വിവരങ്ങൾ. ഖണ്ഡിക 3-1, 3-3 ഇവയിൽ പ്രതിപാദിച്ചിട്ടു ്.

വാങ്ങലുകളുടെ കാര്യത്തിലും പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിലും സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-5, 3-20 മുതൽ 3-27 വരെ എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നു.

ക്ഷീര വികസനം, സ്വയം തൊഴിലുകൾ, ഭവന നിർമ്മാണം തുടങ്ങിയ പ്രൊജക്റ്റുകൾക്കായി വൻ തുകകൾ പിൻവലിക്കപ്പെടുന്നു ിലും പദ്ധതിയുടെ ഫലപ്രാപ്തി വിശകലനം ചെയ്യപ്പെടുന്നില്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത പല പദ്ധതികൾക്കും വേ ി ഡെപ്പോസിറ്റ് ചെയ്ത തുകകൾ വർഷങ്ങൾക്കു ശേഷവും വിനിയോഗിക്കപ്പെടാതെ നിലനിൽക്കുന്ന അവസ്ഥയുള്ളതായി ഖണ്ഡിക നം. 3-15, 3-17ഇവയിൽ പ്രതിപാദിച്ചിട്ടു ്. യുക്തമായ തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

ഭാഗം - 2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2(1) ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൊയ്ത്തു-മെതി യന്ത്രങ്ങളുടെ വരവ്-ചെലവ് സംബന്ധമായി വ്യക്തമായ രേഖകൾ സൂക്ഷിക്കുന്നില്ല.

ആലപ്പുഴ ജില്ലാ പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ളതും, കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽനോട്ടച്ചുമതലവഹിക്കുന്നതുമായ 14 കൊയ്ത്തു മെതി യന്ത്രങ്ങളാണുള്ളത്. ഈ കൊയ്ത്തു മെതി യന്ത്രങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്ത് അക്കൗ ിൽ വരവു വെയ്ക്കുകയും ഇവയുടെ അറ്റകുറ്റപ്പണി സംബന്ധമായ എല്ലാ ചെലവുകളും ജില്ലാ പഞ്ചായത്തിൽ നിന്നും നിർവ്വഹിക്കുകയുമാണ് ചെയ്തു വരുന്നത്. എന്നാൽ വരവു ചെലവു സംബന്ധമായി ലക്ഷങ്ങളുടെ ട്രാൻസാക്ഷൻ നടക്കുന്നു ിലും ആയതിന് മതിയായ രേഖകൾ ജില്ലാ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. യന്ത്രങ്ങൾ വാടകയ്ക്ക് ലഭിക്കുന്നതിലേയ്ക്ക് പാടശേഖര സമിതികൾ നൽകിയ അപേക്ഷകൾ, ഇതിന്മേൽ അവർ വയ്ക്കുന്ന കരാർ, യന്ത്രം വാടകയ്ക്ക് നൽകിയത് സംബന്ധമായുള്ള അനുമതി പത്രം, വാടകയ്ക്ക് നൽകിയ യന്ത്രങ്ങൾ എത്ര സമയം പ്രവർത്തിപ്പിച്ചു എന്നതിന്മേൽ കൃഷി അസി. എക്സിക്യൂട്ടീവ്

Local Fund Audit Department

എഞ്ചിനീയറുടെ അവലോകന റിപ്പോർട്ട്, റീ ഫ ് വിവരങ്ങൾ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ 18-02-2012ൽ എൻക്വയറി നം. എ-1 മുഖേന ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു. രേഖകൾ ഭാഗികമായി മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിരുന്നുള്ളൂ. അതായത് 01-04-2010 മുതൽ 31-12-2010 വരെയുള്ള രേഖകൾ ഹാജരാക്കുകയു ായില്ല.

21-12-2010ലെ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ 8-ാം നമ്പർ ശുപാർശ പ്രകാരം കൊയ്ത്ത് മെതി യന്ത്രങ്ങളുടെ പരിപാലനവും വാടകയ്ക്ക് നൽകുന്നതും സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിരുന്നു എങ്കിലും ഇത് പ്രകാരം വരവ്-ചെലവുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. കൊയ്ത്ത്-മെതി യന്ത്രവുമായി ബന്ധപ്പെട്ട വരവുകൾക്ക് പ്രത്യേകം രസീതു ബുക്കുകൾ ഉപയോഗിച്ചിട്ടില്ല.

യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതു സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ 03/2010 ന് ശേഷം 24-01-2011 മുതലുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല ഈ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും അപൂർണ്ണമാണ്. ഏത് പാടശേഖരത്തിന് ഏത് നമ്പരിലുള്ള മെതിയന്ത്രമാണ് വാടകയ്ക്ക് നൽകിയതെന്നോ, അവർ എത്ര ദിവസം മെതിയന്ത്രം ഉപയോഗിച്ചുവെന്നോ മടക്കി നൽകിയ തുകയുടെ വിശദവിവരങ്ങളോ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇതു മൂലം ഈയിനത്തിൽ വരവു വന്നതും തിര്യെ നൽകിയതുമായ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഈ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി വൻതുക ചെലവഴിക്കുന്നു െങ്കിലും ആയതിനും വ്യക്തമായ ചെലവു രേഖകൾ സൂക്ഷിച്ചിട്ടില്ല. കൊയ്ത്ത് മെതി യന്ത്രങ്ങളുടെ വരവ് ചെലവ് സംബന്ധമായ പ്രതിമാസ കണക്കുകൾ ജില്ലാ പഞ്ചായത്ത് കമ്മറ്റിയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയതായും രേഖയില്ല. ജില്ലാ പഞ്ചായത്ത് കമ്മറ്റി ഇതിനെക്കുറിച്ച് ആരായുകയോ, അന്വേഷിക്കുകയോ ചെയ്തു കാണുന്നില്ല.

കൃഷി അസി. എക്സി. എഞ്ചിനീയർ കൊയ്ത്ത്-മെതി യന്ത്രങ്ങളുടേതായി സമർപ്പിച്ച ലോഗ്ബുക്കുകളിലും അപൂർണ്ണമായ രേഖപ്പെടുത്തലുകളാണുള്ളത്. ഈ യന്ത്രങ്ങളുടെ ഫ്യൂവൽ എഫിഷ്യൻസി സംബന്ധമായ സാക്ഷ്യപത്രമോ, ഇവയ്ക്ക് വാങ്ങിയ ഇന്ധനത്തിന്റെ വിവരങ്ങളോ, നടത്തിയ അറ്റകുറ്റപ്പണിയുടെ വിവരങ്ങളോ ലോഗ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കുകൾ പ്രതിമാസം ക്ലോസ് ചെയ്ത് കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ജില്ലാ പഞ്ചായത്തിൽ കൊയ്ത്ത് മെതി യന്ത്രങ്ങളുടെ വാടകയിനത്തിൽ തുക വരവു വന്നതിൽ നിന്നും വിഭിന്നമായ തീയതികളിൽ മെതിയന്ത്രങ്ങൾ ഓടിയതായും രേഖയു ്. എന്നാൽ അപേക്ഷയുടേയും, മുകളിൽ പ്രതിപാദിച്ച അനുബന്ധ രേഖകളുടേയും അഭാവത്തിൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഏതെല്ലാം കൊയ്ത്ത് മെതിയന്ത്രങ്ങൾ ഏതെല്ലാം ദിവസങ്ങളിൽ പ്രവർത്തിപ്പിച്ചിട്ടു ന്നതിനും, അവയ്ക്ക് അർഹമായ വാടക ലഭിച്ചിട്ടു ോ എന്നതിനും തിരികെ നൽകുന്ന തുകയുടെ കൃത്യത സംബന്ധമായും വ്യക്തമായ രേഖകൾ സൂക്ഷിക്കുന്നില്ലായെന്ന വിഷയത്തിലേയ്ക്ക് ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ജില്ലാപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായ കൊയ്ത്ത്-മെതിയന്ത്രങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരുന്ന ജീവനക്കാർക്കെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ഈ വിഷയം ഭരണസമിതയും ലാഘവത്തോടെ കാണുന്നു എന്നതിന് തെളിവാണ്. ഓഡിറ്റിന്റെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1) കൊയ്ത്ത്-മെതി യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധമായ അപേക്ഷകളും, അനുബന്ധ രേഖകളും കൃത്യമായി നമ്പരിട്ട് സൂക്ഷിക്കുക.
2) കൊയ്ത്ത് മെതിയന്ത്രങ്ങൾ വാടകയ്ക്ക് ആവശ്യപ്പെട്ടുകൊ ് ലഭിച്ചഅപേക്ഷകകളുടെ ക്രമനമ്പരും തീയതിയും, പാടശേഖരത്തിന്റെ പേര്, അനുവദിച്ച യന്ത്രത്തിന്റെ നമ്പർ, അടച്ച തുകയും, രസീത് നമ്പരും, യന്ത്രങ്ങൾ ഉപയോഗിച്ച കാലയളവ്, റീ-ഫ ് ചെയ്ത തുകയുടെ വിശദവിവരം, അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുക.
3) കൊയത്ത്-മെതി യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയുൾപ്പെടെയുള്ള ചെലവുകളുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുക.
4) കൊയത്ത്-മെതി യന്ത്രങ്ങളുടെ ലോഗ്ബുക്കുകളിൽ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്, നടത്തിയ അറ്റകുറ്റപ്പണികളുടെ വിവരം, യന്ത്രം ഉപയോഗിക്കുന്ന പാടശേഖരത്തിന്റെ പേര്, ഉപയോഗിച്ച സമയം തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും പ്രതിമാസം അബ്സ്ട്രാക്റ്റ് എഴുതി ആയത് യന്ത്രങ്ങളുടെ കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക.
5) കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ പ്രതിമാസ വരവ്-ചെലവ് കണക്ക് ജില്ലാ പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിച്ച് അനുമതി തേടുക.
6) അറ്റകുറ്റപ്പണികൾ നടത്തി പുനരുപയോഗിക്കാൻ കഴിയാത്തതും വർഷങ്ങളായി പ്രവർത്തി ക്കാതിരിക്കുന്നതുമായ യന്ത്രങ്ങൾ സർക്കാർ അനുമതിയോടെ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുക.

Local Fund Audit Department

**2(2) ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ (2007 – 12) ഭരണനേട്ടങ്ങൾ ഉൾക്കൊളളിച്ചു പുറത്തിറക്കിയ "വികസന രേഖ" നടത്തിപ്പിലെ അപാകതകൾ.**

ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 2007 - 2012 കാലയളവിലെ ഭരണനേട്ടങ്ങൾ ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആകെ മൂന്ന് ലക്ഷം (തനത്ഫ ് ) ചെലവഴിച്ച് വികസനരേഖ പുറത്തിറക്കുകയു ായി. ഇത് സംബന്ധിച്ച ഫയൽ (ഫയൽ നം. പിഎൽ - 1883/10) പരിശോധിച്ചതിൽ ക ത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) **പരസ്യച്ചാർജ്ജ് മുഴുവനും ഈടാക്കിയിട്ടില്ല.**

വികസന രേഖയിൽ പരസ്യം താരിഫ് നിശ്ചയിക്കുന്നതിന് 28 - 05 - 2010 തീയതിയിലെ ജില്ലാ കമ്മറ്റി യോഗം അതിന്റെ 6(3) - ാം നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്ന ബോർഡിനെ ചുമതലപ്പെടുത്തിയിട്ടു ായിരുന്നു.

1) അഡ്വ. ജി. ഹരികുമാർ (വിദ്യാഭ്യാസ - ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
2) പ്രൊഫ. എൻ. ഗോപിനാഥപിളള (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
3) ശ്രീ. പി.കെ. സജീവ്കുമാർ (ജില്ലാ പഞ്ചായത്ത് മെമ്പർ)
4) അഡ്വ. ആർ. റിയാസ് (ജില്ലാ പഞ്ചായത്ത് മെമ്പർ)
5) ശ്രീ. സി.കെ. ഷിബു. (ജൂനി. സൂപ്ര ്, ജില്ലാ പഞ്ചായത്ത്)

5,000, 10,000, 1,50,000 എന്നീ മൂന്ന് തരം നിരക്കിലാണ് പരസ്യച്ചാർജ്ജ് ഈടാക്കിയിരിക്കുന്നത്. പരസ്യച്ചാർജ്ജ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊ ് ഓഡിറ്റ് എൻക്വയറി (നം. 04/21 - 12 - 11) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയു ായില്ല. ആയതിനാൽ തുക ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുകയു ായില്ല.

**പരസ്യച്ചാർജ്ജ് ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രസീത് നം. | തുക |
|---|---|---|---|
| 1. | വുഡ് വർക്ക് ഷോപ്പ്, കൊല്ലകടവ്. | 52/56728/27 - 09 - 10 | 15,000/- |
| 2. | പഞ്ചാബ് നാഷണൽ ബാങ്ക്, ആലപ്പുഴ. | 53/56728/27 - 09 - 10 | 10,000/- |
| 3. | കാഡ് ബാങ്ക്, ആലപ്പുഴ | 54/56728/27 - 09 - 10 | 5,000/- |
| 4. | ചേർത്തല ഗവ. സർവന്റ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി | 56/56728/27 - 09 - 10 | 10,000/- |
| 5. | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | 63/56728/07 - 10 - 10 | 10,000/- |
| 6. | കയർഫെഡ്, ആലപ്പുഴ | 82/56728/27 - 12 - 10 | 14,850/- |
| 7. | ആലപ്പുഴ ഗവ. സർവന്റ്സ് സഹകരണ ബാങ്ക് | 59/56728/01 - 10 - 10 | 15,000/- |

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പരസ്യച്ചാർജ്ജ് ഈടാക്കിയിട്ടില്ല.

1) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴ.
2) ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, ആലപ്പുഴ.
3) സിൻഡിക്കേറ്റ് ബാങ്ക്, ആലപ്പുഴ.

പരസ്യച്ചാർജ്ജ് ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേ താണ്.

2) **അച്ചടിച്ച കോപ്പികൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.**

കോപ്പി ഒന്നിനു 50/- രൂ. നിരക്കിൽ ആകെ 6000 കോപ്പികളാണ് അച്ചടിച്ചത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ( സ്റ്റേഷനറി എസ്സ്.ആർ. പി 26) 4666 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുളളത്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന കോപ്പികളുടെ അച്ചടി ചെലവായ 66,700/- രൂ. അധിക ചെലവായി മാറി. യഥാർത്ഥത്തിൽ ആവശ്യമായ കോപ്പികളുടെ എണ്ണം മുൻകൂട്ടി നിശ്ചയിച്ചിരുന്നുവെങ്കിൽ ഇപ്രകാരം സംഭവിച്ച അധികച്ചെലവ് കുറയ്ക്കാമായിരുന്നു.

ഇപ്രകാരം ആവശ്യകത നിശ്ചയിക്കാതെ പ്രിന്റിംഗ് ഓർഡർ നിൽകിയതിന് വിശദീകരണം ലഭ്യമാക്കേ താണ്. പരസ്യച്ചാർജ്ജ് ഇനത്തിൽ ലഭിക്കുവാനുളള തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേ തുമാണ്.

Local Fund Audit Department

## ഭാഗം – 3
## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3–1) പ്രീമെട്രിക് ഹോസ്റ്റലിന് R.O പ്ലാന്റ് – ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനത്തിനായി 7.05 ലക്ഷം ചെലവഴിച്ചു : പ്ലാന്റ് നിഷ്ക്രിയം

| | |
|---|---|
| പ്രോജക്ട് നം. | : എസ്. 336/11 |
| അടങ്കൽ | : 7,05,262 (SCP Fund) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി |
| ചെലവ് വിവരം | : ബിൽ നം. 197/10-11 തീയതി 31-03-2011 |

അമ്പലപ്പുഴ പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2010-11 ൽ നടപ്പിലാക്കിയ പദ്ധതിയാണിത്. കേരള വാട്ടർ അതോറിറ്റിയുമായി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കിയ ഈ പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയായ 7,05,262/- രൂപയും, 06-04-2011 ൽ ഡിഡി നം. 206652 പ്രകാരം വാട്ടർ അതോറിറ്റിയ്ക്കു നൽകി. പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ 28-10-2011 ൽ പൂർത്തീകരിച്ചിട്ടു ്. കരാറിൽ വ്യവസ്ഥ ചെയ്തിരുന്ന നിർമ്മാണ പ്രവൃത്തികൾ എല്ലാം നടപ്പിലാക്കിയിട്ടു ് എങ്കിലും പ്രോജക്ട് തയ്യാറാക്കിയതിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്തിരാജ് ആക്ടിലെ 172-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ 4-ാം പട്ടിക പ്രകാരം പ്രീമെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമാണ്. ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനത്തിനായി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.
2. അമ്പലപ്പുഴ പ്രീമെട്രിക് ഹോസ്റ്റലിലെ അംഗീകൃത കുട്ടികളുടെ എണ്ണം 30 ആണ്. എന്നാൽ 300 പേർക്ക് ആവശ്യമായ കപ്പാസിറ്റിയുള്ള പ്ലാന്റ് നിർമ്മിക്കാനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതും, തുക ചെലവഴിച്ചതും. ആവശ്യകത വിലയിരുത്താതെ ആവശ്യമുള്ളതിന്റെ പത്തിരട്ടി കപ്പാസിറ്റിയുള്ള പ്ലാന്റ് സ്ഥാപിച്ചത് പദ്ധതിവിഹിതത്തിന്റെ പാഴ്ചെലവിനു കാരണമായി.
3. R.O. പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻപ് ജലത്തിൽ അടങ്ങിയിരിക്കുന്ന റ്റി.ഡി.എസ് അളവ്(Total Dissolved solids) പരിശോധിക്കേ തു ്. പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് വെള്ളത്തിന്റെ ഉറവിടം ഏതെന്ന് നിശ്ചയിച്ചിരുന്നോ, ജലത്തിന്റെ റ്റി.ഡി.എസ്. അളവ് പരിശോധിച്ചിരുന്നോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 04-01-2012 ൽ എൻക്വയറി നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നു എങ്കിലും മറുപടി ലഭ്യമാക്കുകയു ായില്ല.
4. 28-10-2011 ൽ ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയ പ്ലാന്റ് പ്രവർത്തനമാരംഭിച്ചത് 13-02-2012 ൽ മാത്രമാണ്. പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് 06-11-2012 ൽ നടത്തിയ ഭൗതിക പരിശോധനയിൽ പ്ലാന്റ് പ്രവർത്തന ക്ഷമമല്ലെന്ന് കാണുകയു ായി. ഇത് സംബന്ധിച്ച് 04-01-2012 ൽ നൽകിയ എൻക്വയറി നം. 8 നുള്ള മറുപടിയിൽ മദ്ധ്യവേനലവധിയ്ക്കു ശേഷം ഹോസ്റ്റൽ തുറന്നതു മുതൽ പ്ലാന്റ് പ്രവർത്തനരഹിതമാണെന്ന് അറിയിക്കുകയു ായി. ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥല പരിശോധനയിലും പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്ന് കാണുകയു ായി. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ പ്ലാന്റ് സ്ഥാപിച്ചതിനു ശേഷമുള്ള 4 വർഷത്തേയ്ക്ക് സർവ്വീസ്, കെമിക്കൽ ക്ലീനിംഗ്, മെയിന്റനൻസ് എന്നീ കാര്യങ്ങൾക്കായി വരുന്ന പ്രവർത്തികൾക്കായി 2,14,200/- രൂപ ഉൾപ്പെടുത്തുകയും, ടി തുകയും വാട്ടർ അതാറിറ്റിയ്ക്ക് നൽകുകയും ചെയ്തിട്ടു ്. ( വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 7,05,262/- രൂപയിൽ ഈ തുകയും ഉൾപ്പെടുന്നു). ഇപ്രകാരം ര ് ലക്ഷത്തിലധികം തുക അറ്റകുറ്റപ്പണികൾക്കായി മുൻകൂർ നൽകിയിട്ടും, പ്ലാന്റ് പ്രവർത്തിപ്പിക്കാൻ അധികാരപ്പെട്ടവർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.
5. വാട്ടർഅതോറിറ്റിയുമായി ജില്ലാ പഞ്ചായത്ത് 30-03-11ൽ ചമച്ചകരാർ പ്രകാരം പണി പൂർത്തിയാക്കി ര ാഴ്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പ് , പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ വാട്ടർ അതോറിറ്റി ജില്ലാ പഞ്ചായത്തിനു നൽകേ താണ്. എന്നാൽ പദ്ധതി പൂർത്തിയാക്കി ഒരു വർഷത്തിനുശേ

Local Fund Audit Department

ഷവും പ്രസ്തുത രേഖകൾ ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 7,05,262/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും, ഓരോ വർഷവും പ്ലാന്റിന്റെ സർവ്വീസിംഗ്/മെയിന്റനൻസ് ഇനത്തിൽ വാട്ടർ അതോറിറ്റി ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും, മൂല്യ നിർണ്ണയം നടത്തുകയും ചെയ്യുന്നതിന് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

**<u>3-2) ഇന്റർനെറ്റ് വരിസംഖ്യ – മാനദണ്ഡങ്ങളില്ലാതെ ഒടുക്കുന്നു.</u>**

ജില്ലാ പഞ്ചായത്ത് ഓഫീസിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നത് ഏഷ്യാനെറ്റ് സാറ്റ്ലൈറ്റ് കമ്മ്യൂണിക്കേഷൻസ് എന്ന സ്വകാര്യ കമ്പനിയാണ്. 01/2011 മുതൽ 03/2011 വരെയുള്ള വൗച്ചറുകൾ പരിശോധിച്ചതിൽ ടി കമ്പനിയ്ക്ക് നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | വൗച്ചർ നം. | തുക | തുകയുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1. | 2-1/11 | 4,500 | 8/10 മുതൽ 12/10 വരെയുള്ള മാസങ്ങളിലെ വരിസംഖ്യ 900X5 |
| 2. | 9-3/11 | 2,290 | 1/11 മുതൽ 2/11 വരെയുള്ള മാസങ്ങളിലെ വരിസംഖ്യ 970X2=1940 പുറമേ 8/10 മുതൽ 12/10 വരെയുള്ള മാസങ്ങളിലെ കുടിശ്ശിക വരിസംഖ്യ 70X5=350 ഉൾപ്പെടെ. |
| 3. | 50-3/11 | 970 | 3/2011 ലെ അഡ്വാൻസ് വരിസംഖ്യ. |

ക്രമനം. 1 പ്രകാരം തീർപ്പാക്കിയ ബില്ലിന്റെ കുടിശ്ശികയായി ക്രമനം.2 പ്രകാരം 350/- രൂപ ഈടാക്കിയിരിക്കുന്നതിന്റെയും ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെയും മാനദണ്ഡം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ മാർച്ച് മാസത്തെ വരിസംഖ്യ മുൻകൂറായി വാങ്ങുകയും ചെയ്തിട്ടു ്. (ക്രമ നം. 3 ). ഡേറ്റാ ഡൗൺലോഡ്/അപ് ലോഡ് വിശദാംശങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ലാത്ത ബില്ലിൻ മേലാണ് ടി തുകകൾ ഈടാക്കിയിട്ടുള്ളനെതന്നും കാണുന്നു. പഞ്ചായത്തിന് ഏത് ഇന്റർനെറ്റ് പ്ലാനാണ് അനുവദിച്ചിരിക്കുന്നതെന്നോ അത് പ്രകാരം എത്ര അളവ് ഡേറ്റാ സൗജന്യമായി ഉപയോഗിക്കാമെന്നോ അധികമായി ഉപയോഗിച്ച ഡേറ്റായുടെ ചാർജ്ജ് ഈടാക്കുന്നത് എപ്രകാരമാണെന്നോ വ്യക്തതയില്ല. പകരം കാലാകാലങ്ങളിൽ ലഭ്യമാകുന്ന ബില്ലുകൾ ഒടുക്കി വരുന്ന നടപടിയാണ് അനുവർത്തിക്കുന്നത്. മുൻകാലങ്ങളിലും ഇപ്രകാരം തുടർന്നു വരുന്നതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടു ്. ഇപ്രകാരം കൃത്യവും, വ്യക്തവുമല്ലാത്ത ചാർജ്ജിംഗ് നടത്തുന്ന സ്വകാര്യ കമ്പനിയ്ക്ക് പകരം സർക്കാർ പൊതുമേഖലയിലുള്ള സ്ഥാപനങ്ങളുടെ നിശ്ചിത പ്ലാനുകൾ ഉപയോഗപ്രദമാക്കിയാൽ ലാഭകരമാകുമെന്നുള്ളത് ബന്ധപ്പെട്ട വൗച്ചറുകളോടൊപ്പമുള്ള ബി .എസ്.എൻ.എൽ ടെലഫോൺ ബില്ലുകളിൽ നിന്നും മനസ്സിലാകുന്നു. ജി.ഒ(ആർ.റ്റി) 3635/2010/തസ്വഭവ തീയതി, 19-11-10 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബി.എസ്.എൻ.എൽ നിന്നും ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കണമെന്നും, സൗജന്യനിരക്കിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തേ താണെന്നും നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ സ്വകാര്യ കമ്പനിയുടെ കണക്ഷനു പകരം പഞ്ചായത്തിന്റെ ആവശ്യതയ്ക്കനുസൃതമായി നിശ്ചിത പ്ലാനുകൾ ടി പൊതുമേഖല കമ്പനിയിൽ നിന്നും തെരഞ്ഞെടുത്ത് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കേ താണ്. അതോടൊപ്പം ക്രമരഹിതമായി ബില്ലുകൾ ഒടുക്കുന്ന നടപടിയിൻമേൽ വിശദീകരണം ലഭ്യമാക്കേ തുമാണ്.

**<u>3-3 ചേർത്തല പ്രീമെട്രിക് ഹോസ്റ്റൽ – കമ്പ്യൂട്ടർ വിതരണവും അടിസ്ഥാനസൗകര്യം ഒരുക്കലും :</u>**

**<u>3,12,750/- രൂപ തടസ്സപ്പെടുത്തുന്നു.</u>**

പ്രോജക്ട് നമ്പർ : എസ് 45/11
വികസന ഫ ് : 3,12,750/- (അടങ്കൽ)

ചേർത്തല പ്രീമെട്രിക് ഹോസ്റ്റലിന് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനും, ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രോജക്ട് ആണ് ഇത്. പഞ്ചായത്തു കമ്മറ്റിയുടെ 22-3-10 ലെ V(1)

Local Fund Audit Department

-ാം നമ്പർ തീരുമാനത്തിന്റെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ 29-3-11 ലെ 285/10-11/TEO/ALPY കത്തിന്റെയും അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 31-3-11 ലെ റ്റി.ആർ.3268/10-ാം നമ്പർ ഉത്തരവ് പ്രകാരം 3,12,750/- രൂപ (ബിൽ നം. VI-A(f)/10-11/31-3-11 പ്രകാരം പിൻവലിച്ച് 1,92,509/- രൂപ 5 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് അറ്റ്ലാന്റാ കമ്പ്യൂട്ടേഴ്സിനും, 1,20,241/- രൂപ ഫർണിച്ചറുകൾ വാങ്ങിയതിനും ആയി സിഡ്കോയ്ക്കും നൽകി.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 173-ാം വകുപ്പ് (1) ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പട്ടികജാതി - പട്ടിക വർഗ്ഗ വികസനത്തിനായി പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പും, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണവും മാത്രമേ ഉൾപ്പെടുന്നുള്ളൂ. പ്രീമെട്രിക് ഹോസ്റ്റലിന്റെ നടത്തിപ്പ് കേരള പഞ്ചായത്ത് രാജ് ആക്ടി ലെ 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണ്.

ജില്ലാപഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടില്ലാത്ത സ്ഥാപനത്തിനു വേ ി പദ്ധതി പണം പിൻവലിച്ച്, മേഖലാപരിധി കണക്കിലെടുക്കാതെ ചെലവഴിച്ചത് ക്രമപ്രകാരമല്ല. കൂടാതെ വാങ്ങിയ സാധനങ്ങൾ ജില്ലാ പഞ്ചായത്ത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായോ ഹോസ്റ്റൽ അധികൃതർ സാധനങ്ങൾ കൈപ്പറ്റിയതായോ കാണുന്നില്ല. മേൽ കാരണങ്ങളാൽ 3,12,750/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3-4 സർക്കാർ സ്കൂളുകൾക്ക് വൈദ്യുതി ചാർജ്ജും, വാട്ടർ ചാർജ്ജും അടവാക്കുവാൻ നടപ്പിലാക്കിയ പ്രോജക്ടിൽ സ്ഥാപനത്തിന് അധികം നൽകിയ തുക ക്രമീകരിച്ചിട്ടില്ല.</u>**

| | |
|---|---|
| പ്രോജക്ട് നം. | : എസ് 32/11 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഡെപ്യൂട്ടി ഡയറക്ടർ , വിദ്യാഭ്യാസം |
| അടങ്കൽ തുക | : 10,00,000/- |
| ചെലവ് | : 1,33,378/- (ബിൽ നം.4/10-11 തീയതി 31-3-11) |

വിവിധ സർക്കാർ ഹൈസ്കൂളുകളുടെ വൈദ്യുതി ചാർജ്ജും, വാട്ടർ ചാർജ്ജും പദ്ധതിവിഹിതം ഉപയോഗിച്ച് അടവാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കിയപ്പോൾ, ഗവ.ഹൈസ്കൂൾ കുന്നത്തിന് അവർ ആവശ്യപ്പെട്ടതിലധികം തുക അനുവദിക്കുകയു ായി.

ഗവൺമെന്റ് ഹൈസ്ക്കൂൾ കുന്നം എന്ന സ്ഥാപനം RMSA ഫ ് ഉപയോഗിച്ച് 10-11 വർഷത്തെ വൈദ്യുതി ചാർജ്ജ് ഭാഗികമായി ഒടുക്കുവരുത്തിയിരുന്നു. അതായത് സ്പെഷ്യൽ ഓഫീസർ RMSA യുടെ സർക്കുലർ നമ്പർ നം. 1-1/09 പ്രകാരം 5,000/- രൂപ വരെയുള്ള ചെലവുകൾ RMSA ഫ ിൽ നിന്നും വഹിക്കാമെന്ന് നിർദ്ദേശിച്ചുട്ടുള്ളതിൻ പ്രകാരം 10-11 ൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവായ 8,208/- രൂപയിൽ 4,568/- രൂപ RMSA ഫ ിൽ നിന്നും ഒടുക്കുവരുത്തിയിരുന്നു. ബാക്കി 3,640/- രൂപ നൽകണമെന്ന് സ്കൂൾ അധികൃതർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 3,640/- രൂപ നൽകുന്നതിനു പകരം 8,208/- രൂപയും സ്കൂളിനു നൽകുകയു ായി. ആയതിനാൽ 4,568/- രൂപയുടെ അധിക ചെലവ് സംഭവിച്ചു. അധികം നൽകിയ 4,568/- രൂപ വരും വർഷങ്ങളിൽ ക്രമീകരിക്കേ താണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതാണ്. അധിക ചെലവ് 4,568/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**<u>3-5 പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിലേയ്ക്ക് ഫർണിച്ചർ</u> :**

**<u>സിഡ്കോയ്ക്ക് അധിക് നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല</u>.**

പട്ടികജാതി വകുപ്പിനു കീഴിൽ പുന്നപ്രയിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് ഫർണിച്ചർ വാങ്ങി നൽകിയിട്ടുള്ളത്. എസ്.165/10 നം. പദ്ധതിയായി നടപ്പിലാക്കിയ ഈ പദ്ധതിയുടെ അടങ്കൽ 11 ലക്ഷം രൂപയായിരുന്നു.

Local Fund Audit Department

സിഡ്കോയുടെ കൊല്ലക്കടവ് യൂണിറ്റിൽ നിന്നും ഇൻവോയ്സ് നം.412/25-3-10 അനുസരിച്ച് 10,74,017/- രൂപയുടെ ഫർണിച്ചർ വാങ്ങുകയും ആയതിന്റെ തുക താഴെ പറയുന്ന ഡിഡി കൾ പ്രകാരം സിഡ്കോയ്ക്ക് നൽകിയിട്ടു മു ്.

ഡിഡി നം. 674014/7-4-10 തുക 8,59,214/-

ഡിഡി നം. 72596/7-3-11 തുക 2,14,803/-

ജി.ഒ(ആർ.റ്റി) 53/2010/എസ്പിഡി/18-11-10 ലെ സർക്കാർ നിർദ്ദേശമനുസരിച്ച് സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങുമ്പോൾ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷനും, നിരക്കും അധികരിച്ച് വാങ്ങുവാൻ പാടില്ല എന്നു വ്യക്തമാക്കുന്നു ്. ഉത്തരവിലെ അനുബന്ധം 1- ഇനം 15ആയ 180x90x75 സെന്റീമീറ്റർ അളവിലെ തേക്ക് കൊ ു ാക്കിയ ഒരു ടേബിളിന്റെ വില 11,108/- രൂപയാണെങ്കിലും പർച്ചേസ് നടത്തിയപ്പോൾ 23,955/- രൂപയാണ് നൽകിയത് ( 12.5 %Vat, 1% Vat കൂടാതെ).

സർക്കാർ ഉത്തരവിലെ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തിയതു വഴി ടേബിൾ ഒന്നിനു 14,468/- രൂപ വീതം അധികം നൽകേ ി വന്നു. 9 ടേബിളുകൾ വാങ്ങുന്നതിന് 1,30,212/- രൂപ (എല്ലാ നികുതിയും ഉൾപ്പടെ) അധികം നൽകിയിട്ടു ്.

ഈ തുക പർച്ചേസ് ഓർഡർ നൽകിയ (ഓർഡർ നം.എൻസി-5420/2010/27-3-10) കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി ഓഡിറ്റ് കണക്കാക്കുന്നു. നിലവിലെ സർക്കാർ ഉത്തരവിലെ സിഡ്കോയുടെ നിരക്ക് പരിശോധിക്കാതെ പർച്ചേഴ്സ് ഓർഡർ നൽകിയതുമൂലമാണ് നഷ്ടം ഉ ാകാനിടയായത്. ആയത് ഈ കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. ദേവരാജനിൽ (ജില്ലാ പട്ടികജാതി വികസന ഓഫീസർ) നിന്നും ഈടാക്കേ താണ്.

**<u>പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഉയർന്ന നിരക്കിൽ പർച്ചേസ് ചെയ്തു.</u>**

10 ലക്ഷം രൂപയ്ക്കുള്ള അടങ്കലായാണ് 04-12-2010 ൽ കൂടിയ ക്ഷേമകാര്യകമ്മറ്റി ഈ പദ്ധതി അംഗീകരിച്ചത്. ക്ഷേമകാര്യ കമ്മറ്റിയുടെ ഈ തീരുമാനം അതേപടി 20-02-2010 തീയതിയിലെ 4(5)(3) നമ്പർ തീരുമാന പ്രകാരം ജില്ലാ കമ്മറ്റി അംഗീകരിക്കുകയായിരുന്നു. എന്നാൽ ഡിപിസിയിൽ 11 ലക്ഷം രൂപ അടങ്കലായാണ് പദ്ധതി സമർപ്പിച്ചും അംഗീകാരം നേടിയതും . ഇപ്രകാരം 10 ലക്ഷം രൂപ മാത്രം അടങ്കലായി നിശ്ചയിച്ച പദ്ധതിക്കു ഭരണാനുമതിക്കു അതീതമായി 11 ലക്ഷത്തിന്റെ ഭരണാനുമതി കാണിച്ച് അംഗീകാരം നേടിയത് ശരിയായ നടപടിയല്ല. ഭരണാനുമതി അടങ്കൽ തെറ്റായി കാണിച്ച് ഡിപിസിയെ തെറ്റിദ്ധരിപ്പിച്ച് പദ്ധതി നടത്തിയതിന് വിശദീകരണം നൽകേ താണ്.

**<u>3-6) എസ്സ്.എസ്സ്. എൽ. സി, വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് : അധികം നൽകിയ 54,775/- രൂപ നിരാകരിക്കുന്നു.</u>**

| | |
|---|---|
| പ്രോജക്ട് നം. | : എസ് 30/11 |
| അടങ്കൽ | : 10 ലക്ഷം (വികസനഫ ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വിദ്യാഭ്യാസഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ |
| ചെലവ് | : 8,67,909/- (ബിൽ നം. 5/10-11/31-3-11) |

ജില്ലയിലെ സമഗ്ര വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കിയ ഈ പദ്ധതിയനുസരിച്ച് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ജില്ലയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു സ്പെഷ്യൽ ക്ലാസിനു റിഫ്രഷ്മെന്റ് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. മൊത്തം 26 സ്കൂളുകളിലെ 2,500/- ഓളം വിദ്യാർത്ഥികൾക്കു പദ്ധതിയുടെ പ്രയോജനം ലഭിക്കുകയു ായി.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്കൂളുകളിലെ മേധാവികൾ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരമുള്ള റിഫ്രഷ്മെന്റ് ചെലവിനേക്കാൾ അധികം തുക നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയതായി കാണുകയു ായി.

Local Fund Audit Department

| ക്രമ നം. | സ്കൂൾ | ചെലവ് (വൗച്ചർ പ്രകാരം) | നൽകിയത് | അധികം |
|---|---|---|---|---|
| 1 | ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, ഹരിപ്പാട് | 31,275/- | 50,000/- (ഡിഡി നം.208107) | 18,725/- |
| 2 | ഗവ.വോക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, ചുനക്കര | 40,950/- | 60,000/- (ഡിഡി നം.208112) | 19,050/- |
| 3 | ഗവ.ഹയർസെക്കന്ററി സ്കൂൾ, മംഗലം | 63,000/- | 80,000/- (ഡിഡി നം.208117) | 17,000/- |
| | | | | 54,775/- |

സ്കൂളുകൾക്ക് ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഘുഭക്ഷണം നൽകാമെന്നു സമ്മതിച്ച വ്യക്തികൾക്കും സപ്ലൈ ഓർഡർ നൽകിയതനുസരിച്ചാണ് ലഘുഭക്ഷണം സപ്ലൈ ചെയ്തിട്ടുള്ളതും തുക നൽകിയിരിക്കുന്നതും.

വൗച്ചർ പ്രകാരമുള്ള യഥാർത്ഥ ചെലവിനേക്കാൾ അധിക നിരക്ക് നൽകിയതു (54,775/- ) മേൽ കാരണങ്ങളാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേ താണ്.

**3-7 ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പിലാക്കിയ സാന്ത്വനം ചികിത്സാപദ്ധതി – ഓഡിറ്റ് നിരീക്ഷണങ്ങൾ**

അടങ്കൽ : 20,67,500/-

ചെലവ് : 11,76,386/- ( പദ്ധതി വിഹിതം : 10,65,761/- , തനത് ഫ ് - 1,10,625/- )

| ബിൽ നം./ചെക്ക് നം. തീയതി | തുക |
|---|---|
| 1/10-11 /21-01-11 | : 56,200/- |
| 2/10-11/15-03-11 | : 69,346/- |
| 3/10-11 / 31-03-11 | : 9,40,215/- |
| ചെക്ക് നം.1406299/28-03-11 | : 73,750/- |
| 1252910/27-04-11 | : 36,875/- |
| ആകെ | : 11,76,386/- |

ശയ്യാവലംബരായിരിക്കുന്ന രോഗികൾക്കു പരിചരണം നൽകുന്നതിനും അവരുടെ ഭവനങ്ങൾ സന്ദർശിച്ചു ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. രജിസ്റ്റർ പ്രകാരം 196 രോഗികൾക്കു 2010-11 ൽ ചികിത്സ നൽകിയിട്ടു ്.

സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ വാടകയ്ക്കു വാഹനം ഏർപ്പാടാക്കിയാണ് ഈ കാലയളവിൽ ചികിത്സ നൽകി പോന്നത് എന്നാൽ വാഹനം വാടകയ്ക്കെടുക്കുമ്പോൾ വാടക നിരക്കു നൽകിയതിന്റെ മാനദണ്ഡങ്ങൾ, ഡ്രൈവർക്കു ദിനബത്ത നൽകിയതിന്റെ നിരക്കു സംബന്ധിച്ച വ്യവസ്ഥ, തുടങ്ങിയ സേവന വേതന വ്യവസ്ഥ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. നിശ്ചിത കാലയളവിലേക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടാണോ വാഹനം ഏർപ്പാടാക്കിയതെന്ന വിവരവും ലഭ്യമല്ല.

ഇപ്രകാരം വാഹനം വാടകയ്ക്കു ഉപയോഗിച്ചപ്പോഴും ഡ്രൈവർക്കു വേതനം നൽകിയ വേളയിലും ജില്ലാ പഞ്ചായത്തിന്റെ അനുമതി വാങ്ങിയതായും കാണുന്നില്ല. ആയതിനാൽ താഴെ പറയുന്ന ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| വൗച്ചർ നം. | തുക | വാടക സംബന്ധിച്ച വിവരങ്ങൾ |
|---|---|---|
| 2/10-11 | 11,000 | വാഹന വാടക (4/11) സുമേഷ്.പി.എസ് ന് നൽകി |
| 4/10-11 (ബിൽ നം. 1/10-11) | 7,700 | വാഹന വാടക (5/11) സുമേഷ്.പി.എസ് നൽകി |
| 13-10-11 | 3,200 | ഡ്രൈവറുടെ ദിനബത്ത ഷഫീഖിനു നൽകിയത്. |

Local Fund Audit Department

| | | |
|---|---|---|
| 14/10-11 | 4,000 | ഡ്രൈവറുടെ ദിനബത്ത ഷഫീഖിനു നൽകിയത്. |
| 15/10-11 | 4,400 | ഡ്രൈവറുടെ ദിനബത്ത ഷഫീഖിനു നൽകിയത്. |
| 16/10-11 | 1,600 | ഡ്രൈവറുടെ ദിനബത്ത ഷഫീഖിനു നൽകിയത്. |
| 17/10-11 | 2,000 | ഡ്രൈവറുടെ ദിനബത്ത തനൂഫിനു നൽകിയത്. |
| 18/10-11 | 1,200 | ഡ്രൈവറുടെ ദിനബത്ത തനൂഫിനു നൽകിയത്. |
| 19/10-11 | 1,600 | ഡ്രൈവറുടെ ദിനബത്ത ( വൗച്ചർ ഹാജരാക്കിയിട്ടില്ല) |
| | 36,700 | |

വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേ താണ്.

2010-11 ൽ സാന്ത്വന പരിചരണത്തിനു മരുന്നു വാങ്ങുന്നതിനായി 4,55,890/- രൂപ ചെലവഴിച്ചിട്ടു ്. വാഹനത്തിന്റെ ഇന്ധനത്തിനായി 13,846/- രൂപയും ചെലവഴിച്ചിട്ടു ്. 11,76,386/- രൂപയുടെ ഇനം തിരിച്ചുള്ള ചെലവുവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കോർഡിനേറ്റർക്കു ഹോണറേറിയം | : 82,500 |
| വാഹന വാടക | : 36,700 |
| ഇന്ധനവില | : 13,846 |
| ട്രെയിനിംഗ് സാമഗ്രികൾ വാങ്ങിയത് | : 45,000 |
| റിഫ്രഷ്മെന്റ് ചാർജ്ജ് | : 71,875 |
| ഫർണിച്ചർ വാങ്ങിയതിന് സിഡ്കോയ്ക്ക് നൽകിയത് | : 4,70,575 |
| മരുന്നുകൾ വാങ്ങിയതിന് നീതി മെഡിക്കൽ സ്റ്റോറിന് നൽകിയത് | : 4,55,890 |
| **ആകെ** | : **11,76,386/-** |

(ആകെ ചെലവു തുകയിൽ 36,875/- രൂപ 2011-12 സാമ്പത്തിക വർഷത്തിലാണ് ചെലവു വന്നിട്ടുള്ളതാണ് )

Local Fund Audit Department

**<u>മറ്റു അപാകതകൾ</u>**

1. **ക്യാഷ്ബുക്ക് എഴുതുന്നില്ല.**

   ജി.ഒ(പി)177/2006/ഫിൻ തീയതി, 12-4-06 ഖണ്ഡിക 18.3 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർബന്ധമായും ക്യാഷ്ബുക്ക് എഴുതണമെന്നാണെങ്കിലും ക്യാഷ്ബുക്ക് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ല.

2. **ലോഗ് ബുക്കിലെ അപാകതകൾ**

   സാന്ത്വന ചികിത്സയ്ക്കു വേ ി സന്ദർശിക്കുന്നതിനും രോഗികളെ പരിചരിക്കുന്നതിനു വേ ി ഓടിയ KL-04Z-4435 മാരുതി ഒമ്നി വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ വാഹനക്ഷമത, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മൈലേജ് വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൺട്രോളിംഗ് ഓഫീസർ 02-01-11 മുതൽ 31-01-11 വരെയുള്ള കാലയളവിലെ യാത്രകൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

വാഹനത്തിന്റെ ലോഗ്ബുക്ക് കൃത്യമായി എഴുതാൻ ശ്രദ്ധിക്കേ താണ്.

**3-8 കൊയ്ത്തു മെതി യന്ത്രങ്ങൾക്ക് മൊബൈൽ വർക്ക് ഷോപ്പ് സ്ഥാപിക്കലും ഓപ്പറേറ്റർമാർക്ക് പരിശീലനവും - 20,000/- രൂപ തടസ്സപ്പെടുത്തുന്നു. (പ്രോജക്ട് നം. എം-34/10)**

തൊഴിൽ രഹിതരായ യുവാക്കൾക്ക് കൃഷിവകുപ്പിലെ വിദഗ്ധൻമാരേയും യന്ത്ര നിർമ്മാണ കമ്പനികളുടെ പ്രതിനിധികളേയും കൊ ് കൊയ്ത്തു മെതിയന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുക, യന്ത്രങ്ങൾക്ക് പാടശേഖരങ്ങളിൽ വച്ച് ഉ ാകുന്ന കേടുപാടുകൾ തീർക്കുന്നതിനായി മൊബൈൽ വർക്ക്

ഷോപ്പ് യൂണിറ്റ് സ്ഥാപിക്കുക, യന്ത്രങ്ങൾ പാടശേഖരങ്ങളിൽ എത്തിക്കുന്നതിനായി വാഹനം വാങ്ങുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2009-10 വർഷം തയ്യാറാക്കുകയും 2010-11 വർഷം സ്പിൽ ഓവറായി നടപ്പാക്കുകയും ചെയ്തതാണ് 19,46,000/- രൂപ അടങ്കലുള്ള ഈ പ്രോജക്ട് . വികസനഫ ് 14,11,056/- രൂപയും തനത്ഫ ് 5,34,944/- രൂപയും ഉൾപ്പെടെയാണ് അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ളത്.

മൊബൈൽ വർക്ക് ഷോപ്പ് സംജ്ജീകരിക്കുന്നതിന്റെ ഭാഗമായി മഹീന്ദ്ര കമ്പിനിയിൽ നിന്നും ഒരു പിക് അപ് വാൻ (BOLLRO CAMPER) 3,79,884/- രൂപ മുടക്കി വാങ്ങിയിട്ടു ്. (ഡിഡി നം. 673799/6-4-10 3,73,827/- , ചെക്ക് നം. 361433/25-6-10 6,057/- ). തുടർന്ന് തെരഞ്ഞെടുത്ത 40 പേർക്ക് പരിശീലനം നൽകിയതിലേയ്ക്ക് ഭക്ഷണം, സ്റ്റൈഫന്റ്, ഇന്ധനച്ചെലവ്, ഓണറേറിയം തുടങ്ങിയ ഇനങ്ങളിലായി 4,22,925/- രൂപ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടു ്. ( സിബി നം.2/10-11/16-9-10 99,900/- , സിബി നം 3/10-11/25-11-10 1,15,400/- , സിബി നം. 4/10-11/03-03-11 87,825/- , സിബി നം.5/10-11/31-3-11 1,19,800/- ).

1. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വ്യക്തിഗത ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കണമെന്നാണ് സർക്കാർ നിർദ്ദേശമെന്നിരിക്കെ അതിനുവിരുദ്ധമായി കൊയ്ത്തുമെതിയന്ത്രങ്ങളുടെ പരിശീലനത്തിനായി ഗുണഭോക്താക്കളെ ജില്ലാപഞ്ചായത്ത് നേരിട്ട് തെരഞ്ഞെടുത്തായാണ് രേഖ. ഇതിലേക്ക് ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആവശ്യപ്പെടാതെ 13-7-10 ൽ നൽകിയ പത്രകുറിപ്പിലൂടെ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുത്ത നടപടി ക്രമപ്രകാരമല്ല.
2. 5,34,944/- രൂപ തനത്ഫ ് വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും 6,057/- രൂപ മാത്രമാണ് തനതുഫ ിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്നും വിഭിന്നമായി തനത്ഫ ് ആനുപാതികമായി ചെലവഴിക്കാതിരുന്നത് ക്രമപ്രകാരമല്ല.
3. ആദ്യഘട്ട പരിശീലന പരിപാടിയുടെ ഹാജർ പരിശോധിച്ചതിൽ തെരഞ്ഞെടുത്ത 20 പേർക്ക് 13-9-10 മുതൽ 25-9-10 വരേയും തുടർന്ന് 4-10-10 മുതൽ 21-10-10 വരെയുമാണ് ട്രെയിനിംഗ് നടന്നിട്ടുള്ളത് (25 പ്രവൃത്തി ദിനം). 27-9-10 മുതൽ 1-10-10 വരെ മലപ്പുറം തവനൂർ കേളപ്പജി അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ഇവർക്ക് പരിശീലനം നൽകുന്നതിലേക്ക് അനുമതി ചോദിച്ച് കോളേജിലേക്ക് കത്ത് നൽകിയിട്ടു ങ്കിലും ഇപ്രകാരം ഒരു പരിശീലനം നടന്നതു സംബന്ധിച്ച് യാതൊരു രേഖയുമില്ല. എന്നാൽ ഇതുൾപ്പടെ 30 ദിവസത്തേയ്ക്ക് ആവശ്യമായ സ്റ്റൈഫന്റ് തുകയാണ് പിൻവലിച്ചിട്ടുള്ളത് ( പ്രതിദിനം 200/- രൂപ പ്രകാരം). ഗുണഭോക്താക്കൾക്ക് തവനൂർ അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് പ്രത്യേക പരിശീലനം നൽകിയതു സംബന്ധിച്ച് രേഖകൾ ഉള്ളപക്ഷം ആയത് ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഫീസിൽ നിലവിൽ ഇതു സംബന്ധമായ രേഖയൊന്നുമില്ലാത്തതിനാൽ പിന്നീട് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. രേഖകളുടെ അഭാവത്തിൽ സ്റ്റൈഫന്റ് ഇനത്തിൽ അധികം പിൻവലിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

20 പേർക്ക് 30 ദിവസത്തെ സ്റ്റൈഫന്റ് ഇനത്തിൽ പിൻവലിച്ച തുക

(ഹാജരില്ലാത്ത 23 ദിനങ്ങൾ കഴിച്ച് ) (20X30-23) 200 = 577X200 =1,15,400/-

20 പേർക്ക് 25 ദിവസത്തെ പരിശീലനത്തിന് നൽകേ ിയിരുന്ന സ്റ്റൈഫന്റ്

(20X25-23 ) 200 = 477X200 = 95,400

അധികം പിൻവലിച്ച തുക 1,15,400-95,400= 20,000/-

Local Fund Audit Department

പരിശീലന രേഖകളുടെ അഭാവത്തിൽ സ്റ്റൈഫന്റ് ഇനത്തിൽ അധികം പിൻവലിച്ച 20,000/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-9 എസ്.സി. വനിതകൾക്ക് തയ്യൽ പരിശീലനവും, യൂണിറ്റ് രൂപീകരണവും – പദ്ധതിയിലെ അപാകതകൾ**

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയിൽ, 350 എസ്.സി വനിതകൾക്ക് (സി.എം.ഡി തിരുവനന്തപുരം മുഖേന) തയ്യൽ പരിശീലനം നൽകി, അവരെ 7 പേരടങ്ങുന്ന 50 യൂണിറ്റുകളാക്കി പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. 2009-10 ൽ തുടങ്ങിയ ഈ പദ്ധതിക്ക് 2010-11ൽ ബഹുവർഷ പദ്ധതിയായി, സ്പിൽ ഓവർ അനുമതി ലഭിച്ചിട്ടുള്ളതാണ് (നം.82/11). പദ്ധതിക്കായി 2009-10ൽ 2,50,000/- രൂപയും 2010-11 ൽ 10,60,000/- രൂപയും വികസന ഫ ിൽ നിന്ന് ചെലവഴിച്ചിട്ടു ്. എന്നാൽ, പദ്ധതിയുടെ അടങ്കൽ 50,00,000/- രൂപ വികസന ഫ ും 32,50,000/- രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെ 82,50,000/- രൂപയായിരുന്നു. പദ്ധതിയുടെ നടത്തിപ്പിൽ ഉ ായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. **ഗുണഭോക്താക്കളെ പത്രപ്പരസ്യത്തിലൂടെ തെരഞ്ഞെടുത്തു**

ജി.ഒ.(പി)220/97/ത.ഭ.വ.2.10.97 പ്രകാരമുള്ള, 'ഗുണഭോക്തൃ തെരഞ്ഞെടുപ്പ്-മാർഗ്ഗ രേഖ'യിൽ ''ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമസഭ വിളിച്ച് കൂട്ടുവാൻ കഴിയാത്തതിനാൽ അവർ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം'' എന്ന് വ്യക്തമാക്കിയിട്ടു ്. ഗുണഭോക്താക്കളെ പത്രപ്പരസ്യത്തിലൂടെ തെരഞ്ഞെടുത്തത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

2. **പരിശീലനാർത്ഥികൾക്ക് യാത്രാബത്ത – മാനദണ്ഡം വ്യക്തമാക്കണം**

പരിശീലനത്തിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്ക് 2000/-രൂപ നിരക്കിൽ, യാത്രാബത്തയിനത്തിൽ ആകെ 210 പേർക്ക് 4,20,000/- രൂപ ചെലവായി. അവധി ദിനങ്ങൾ, ഹാജരാകാത്ത ദിവസങ്ങൾ എന്നിവ പരിഗണിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള 12.1.2011-ലെ ഐ.എസ്-എഫ്/72/10 ഉത്തരവിൽ,

''പരിശീലനാർത്ഥികൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വരുന്നവരായതിനാൽ പരിശീലന കേന്ദ്രത്തിലേക്കുള്ള യഥാർത്ഥ യാത്രാബത്ത മാത്രം കണക്കാക്കി (2000 രൂപയിൽ കവിയരുത്) വ്യത്യസ്ത നിരക്കിലുള്ള യാത്രാബത്ത വിതരണം ചെയ്ത്, ലിസ്റ്റും ധന വിനിയോഗ പത്രികയും ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കേ താണ്'' എന്ന് പരാമർശിച്ചിട്ടു ്.

ഇതിൽ നിന്നും എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ യാത്രാബത്ത അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല എന്ന് മനസ്സിലാകുന്നു. ആകെ ചെലവായ തുക 4,20,000/-യിൽ ഖണ്ഡിക 3-ൽ പരാമർശിച്ചിട്ടുള്ള 2,10,000/- ഒഴികെയുള്ള 2,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരിശീലനാർത്ഥികൾക്ക് അധിക നിരക്കിൽ യാത്രാബത്ത നൽകിയിട്ടുള്ള പക്ഷം ആയത് കണക്കാക്കി ഈടാക്കേ താണ്.

3. ഈ പദ്ധതിയിൽ 210 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയു ായി. പരിശീലനം ലഭിച്ചവരിൽ 105 പേർ മാത്രമാണ് (ഓഡിറ്റ് സമയം വരെ) യൂണിറ്റുകൾ (15 എണ്ണം) രൂപീകരിച്ചിട്ടുള്ളതും ബാങ്ക് ലോണിന് അപേക്ഷിച്ചിട്ടുള്ളതും. ശേഷിക്കുന്ന 105 പേർക്ക് നൽകിയ യാത്രാബത്ത (105X2000) 2,10,000/- രൂപയും ഇവരുടെ പരിശീലനത്തിനായി ചെലവായ (105X3000) 3,15,000/-രൂപയും ഉൾപ്പെടെ പദ്ധതി തുകയിനത്തിലുള്ള 5,25,000/- രൂപ പാഴ്ചെലവായതായി ഓഡിറ്റിൽ വിലയിരുത്തുന്നു. പരിശീലനാർത്ഥികളുമായി യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിക്കുന്നതാണെന്ന് മുൻകൂർ കരാറിലേർപ്പെടാതെ വന്നതിനാൽ ഈ തുക തിരികെ ഈടാക്കാൻ കഴിയാതെ വന്നിരിക്കുന്നു. പദ്ധതി വിഭാവനം ചെയ്യുന്ന വിധത്തിൽ യൂണിറ്റുകൾ രൂപീകൃതമായി പ്രവർത്തനം ആരംഭിക്കാതെ വരുന്ന പക്ഷം നിർവ്വഹണത്തിലെ പാകപ്പിഴവ് മൂലം വന്ന അധിക

Local Fund Audit Department

ചെലവ് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേ താണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4. 2010-11 ൽ ആരംഭിച്ച 11 യൂണിറ്റുകളിൽ 3 യൂണിറ്റുകൾക്ക് ലോൺ നിഷേധിക്കപ്പെട്ടു. ബാങ്ക് ലോൺ ലഭിച്ചതും ഗ്രാന്റ് അനുവദിച്ചതും 4 യൂണിറ്റുകൾക്ക് മാത്രമാണ്. ഈ യൂണിറ്റുകൾ ടി തുക ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയതായോ പ്രവർത്തനം ആരംഭിച്ചതായോ ഫയലിൽ കാണുന്നില്ല, മോണിട്ടറിങ് നടന്നതായും വ്യക്തമല്ല. ആയതിനാൽ യൂണിറ്റുകൾ തൃപ്തികരമായി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന അനുമാനത്തിൽ അവയ്ക്ക് നൽകിയ ഗ്രാന്റ് തുക (65,000/- വീതം 4 യൂണിറ്റുകൾക്ക്) 2,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5. പദ്ധതി വിഹിതം 50,00,000/- രൂപയുള്ള അടങ്കൽ തുകയിൽ 21% മാത്രമാണ് (10,60,000 രൂപ) പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവ് (2010-11 വരെ) സമാനമായ പദ്ധതികൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കപ്പെടുന്നു ോ എന്നത് പരിശോധിക്കാതെ, ജില്ലാ പഞ്ചായത്ത് നേരിട്ട് പത്രപ്പരസ്യത്തിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് പദ്ധതി നിർവ്വഹണത്തിന് സഹായകമല്ല എന്നത് ഇതിൽ നിന്ന് വ്യക്തമാണ്. കൂടാതെ ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ യൂണിറ്റ് രൂപീകരണത്തിനും ബാങ്ക് ലോൺ നേടുന്നതിനും താൽപര്യം പ്രകടിപ്പിക്കാതെ വന്നിട്ടു ്. (ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 16.11.10 ൽ അയച്ച ബി/1540/10 നമ്പർ കത്ത്). ഗ്രാമ പഞ്ചായത്ത് മുഖേന, ഗ്രാമസഭകളിൽ മതിയായ പ്രചാരണം നടത്തി, അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അവരുമായി മുൻകൂർ കരാറിലേർപ്പെട്ട ശേഷം മാത്രം പദ്ധതി തുക ചെലവഴിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇപ്രകാരമൊരു അവസ്ഥ സംജാതമാകുകയില്ലായിരുന്നു. മേലിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേ താണ്.

Local Fund Audit Department

## 3-10 ചെറുകിട വ്യവസായ യൂണിറ്റുകൾ- പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകൾക്ക് നൽകിയ ധനസഹായം തിരികെ ഈടാക്കേ താണ്

ജനകീയാസൂത്രണ പദ്ധതിയിൽ ചെറുകിട വ്യവസായം/തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ജില്ലാ വ്യവസായ കേന്ദ്രം മുഖേന ധനസഹായം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ പലതും യഥാസമയം പ്രവർത്തി ആരംഭിക്കാതെ കടലാസിൽ മാത്രം ഒതുങ്ങുന്ന സ്ഥാപനങ്ങളായിരുന്നുവെന്ന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാകുന്നു ്. ഇപ്രകാരം ആനുകൂല്യം ലഭിച്ച സ്ഥാപനങ്ങളിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് നടപടികൾ സ്വീകരിച്ചു കാണുന്നു ങ്കിലും ആയത് കൂടുതൽ ഫലപ്രദമാകുന്നതിന് ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ആവശ്യമാണ്. നിലവിൽ ഇതിൻമേൽ ആവശ്യമായ മേൽ നോട്ടത്തിനുതകുന്ന ഫയലുകളോ രജിസ്റ്ററോ സൂക്ഷിച്ചു വരുന്നില്ലെന്ന് കാണുന്നു. (വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജെ2/25.2.12 മറുപടി ലഭ്യമാക്കിയിട്ടില്ല).

പദ്ധതി ധനസഹായം ലഭ്യമാക്കിയത് സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരം (യൂണിറ്റുകളുടെ എണ്ണം, ഏർപ്പെടുന്ന വ്യവസായം), പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങൾ, നിലവിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ, ആനുകൂല്യം കൈപ്പറ്റിയിട്ടും പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകളുടെ എണ്ണം, നൽകിയ തുക (വർഷം തിരിച്ച്) പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകൾക്ക് നൽകിയ ആനുകൂല്യം തിരികെ ഈടാക്കിയതിന്റെ വിവരം (എണ്ണം, തുക-വർഷം തിരിച്ചുള്ള കണക്ക്) എന്നിവ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ, ഫയൽ എന്നിവ സൂക്ഷിക്കേ തും തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേ തുമാണ്. പദ്ധതിപ്പണം നിഷ്ക്രിയമായി ഏതെങ്കിലും യൂണിറ്റുകളുടെ ബാങ്ക് അക്കൗ ിൽ വർഷങ്ങളോളം നിലനിൽക്കുന്ന സാഹചര്യം ഗൗരവപൂർവ്വം കാണേ തു ്.

## 3-11 ആശ്രയ അഗതികൾക്ക് ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം: എസ്.145/11

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ മിഷൻ കോ-ഓഡിനേറ്റർ കുടുംബശ്രീ.

ആലപ്പുഴ ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ അഗതി-ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട 24 അഗതികൾക്ക് ഭവന നിർമ്മാണത്തിനായി ഒരാൾക്ക് 125000/- രൂ. നിരക്കിൽ ബിൽ നം.1/10-11 / 10-02-11 പ്രകാരം 30,00,000/-രൂപ പിൻവലിച്ച് 22 ഗ്രാമ പഞ്ചായത്തുകൾക്ക് താഴെഷറയും പ്രകാരം വിതരണം ചെയ്തിട്ടു ്.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | തുക | ഡി.ഡി നം./തീയതി |
|---|---|---|---|
| 1 | പുന്നപ്ര നോർത്ത് | 2,50,000 | 70144/4.2.11 |
| 2 | തിരുവൻവ ൂർ | 1,25,000 | 70145/4.2.11 |
| 3 | തുറവൂർ | 1,25,000 | 70146/4.2.11 |
| 4 | ചെറുതന | 1,25,000 | 70147/4.2.11 |
| 5 | പട്ടണക്കാട് | 1,25,000 | 70148/4.2.11 |
| 6 | ആല | 1,25,000 | 70149/4.2.11 |
| 7 | ചേർത്തല തെക്ക് | 1,25,000 | 70150/4.2.11 |
| 8 | ചെന്നിത്തല-തൃപ്പെരുന്തുറ | 1,25,000 | 70151/4.2.11 |
| 9 | ചുനക്കര | 1,25,000 | 70152/4.2.11 |
| 10 | വിയപുരം | 1,25,000 | 70153/4.2.11 |
| 11 | പാലമേൽ | 1,25,000 | 70154/4.2.11 |
| 12 | എടത്വ | 2,50,000 | 70155/4.2.11 |
| 13 | ബുധനൂർ | 1,25,000 | 70156/4.2.11 |
| 14 | തലവടി | 1,25,000 | 70157/4.2.11 |
| 15 | കാർത്തികപ്പള്ളി | 1,25,000 | 70158/4.2.11 |
| 16 | തൈക്കാട്ടുശ്ശേരി | 1,25,000 | 70159/4.2.11 |
| 17 | മുളക്കുഴ | 1,25,000 | 70160/4.2.11 |
| 18 | നൂറനാട് | 1,25,000 | 70161/4.2.11 |
| 19 | പെരുമ്പളം | 1,25,000 | 70162/4.2.11 |
| 20 | തകഴി | 1,25,000 | 70163/4.2.11 |
| 21 | ക ല്ലൂർ | 1,25,000 | 70164/4.2.11 |
| 22 | പുന്നപ്ര തെക്ക് | 1,25,000 | 70165/4.2.11 |

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റ് ചീട്ട് ലഭ്യമാക്കിയിട്ടില്ല. ആകെ 22 ഗ്രാമ പഞ്ചായത്തുകൾക്ക് തുക വിതരണം നടത്തിയിട്ടു ങ്കിലും തിരുവൻവ ൂർ, ചുനക്കര, തകഴി ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാതിരുന്ന 19 ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുക 26,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3-12 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല</u>**

(ഗ്രാമ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ യഥാക്രമം 50:30:20 എന്ന അനുപാതത്തിൽ തുക വകയിരുത്തി തയ്യാറാക്കിയ പദ്ധതിയായിരുന്നു ഇത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. **<u>മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>**

പ്രോജക്ട് നം. എസ്.25/11
നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രോഗ്രാം ഓഫീസർ
ഡിസ്ട്രിക്ട് ലെവൽ ഐ.സി.ഡി.എസ്. സെൽ

Local Fund Audit Department

അടങ്കൽ തുക : 10,00,000/-
ചെലവ് രൂ. 9,96,000/- ബിൽ നം.1/10-11 തീയതി, 9/3/12 - 1,02,000
3/10-11 തീയതി, 9/3/12 - 4,14,000
5/10-11 തീയതി, 28/3/11 - 3,96,000
7/10-11 തീയതി 30/3/11 - 84,000

ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് 750/-രൂപ വീതം ര ് മാസത്തേക്ക് 1500/-രൂ. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന വിതരണം നടത്തുന്നു. വിവിധ ബില്ലുകൾ പ്രകാരം 664 പേർക്കായി രൂ.9,96,000/- (664X1500) രൂപയുടെ ഡി.ഡി 34 ഗ്രാമ പഞ്ചായത്തുകൾക്കായി വിതരണം ചെയ്തിട്ടു ്. ചിങ്ങോലി, കരുവാറ്റ, മാരാരിക്കുളം വടക്ക്, ഹരിപ്പാട്, വിയപുരം, കുമാരപുരം എന്നീ ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല. 34 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്.

തുക ലഭിച്ച ഗ്രാമ പഞ്ചായത്തുകളൊന്നും തന്നെ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. ആയതിനാൽ ചെലവു തുക 9,96,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2. <u>ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>**

പ്രോജക്ട് നം.എസ്.26/11

അടങ്കൽ തുക : 5,00,000/-

രൂ.2,54,400/- ബിൽ നം.2/10-11 തീയതി, 9/3/11 - 42,300
4/10-11 തീയതി, 23/3/11 - 83,100
6/10-11 തീയതി, 28/3/11 - 85,300
8/10-11 തീയതി, 30/3/11 - 43,700

26 ഗ്രാമ പഞ്ചായത്തിലെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന 293 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2,54,400/-രൂപ വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച് ഡി.ഡി ആയി വിതരണം നൽകിയിട്ടു ്. ചിങ്ങോലി, ഹരിപ്പാട്, കുമാരപുരം, മണ്ണഞ്ചേരി എന്നീ ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുള്ളത്. 26 പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേ താണ്.

മേൽപ്പഞ്ഞ പ്രോജക്ടുകൾ പ്രകാരം വിതരണം ചെയ്ത ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്ന് ഉറപ്പുവരുത്തേ താണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ 2,54,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>3-13 കാർഷിക പദ്ധതികൾ - അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ബഹു ഭൂരിപക്ഷവും നടപ്പിലാക്കിയില്ല</u>**

2010-11 വർഷം കാർഷിക പദ്ധതികളുടെ നടത്തിപ്പിനായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യു.എം), കൃഷി ഡെപ്യൂട്ടി ഡയറക്ടർ(വൈ.പി) എന്നിവർക്ക് വിവിധ മേഖലകളിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതി വിഹിതം യഥാക്രമം 33.7%, 27% എന്നീ ക്രമത്തിൽ മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നിർവ്വഹണോദ്യോഗസ്ഥൻ | നടപ്പിലാക്കേ പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 2010-11 | കൃഷി ഡെ.ഡയറക്ടർ (ഡബ്ല്യു.എം) | 25 | 94,57,315 | 11 | 31,88,521 | 33.7% |
| 2010-11 | കൃഷി ഡെ.ഡയറക്ടർ (വൈ.പി) | 10 | 41,64,804 | 3 | 11,25,550 | 27% |

പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയ തുകയിൽ ഭൂരിഭാഗം തുകയും വിനിയോഗിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേ താണ്.

Local Fund Audit Department

**3-14) ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫ ് - ഡി.പി.സി. അംഗീകരിച്ച തുകയേക്കാൾ അധികം ചെലവഴിച്ചു - 17 ലക്ഷം രൂപ തടസ്സത്തിൽ വയ്ക്കുന്നു.**

പ്രോജക്ട് നമ്പർ : എസ്.161/11

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്മെന്റ്

ഡി.പി.സി അംഗീകാരം : 450/10/ഡി.പി.ഒ/ഡി.പി.സി/എ.എൽ.പി/29.7.10

അടങ്കൽ : 15 ലക്ഷം

ജില്ലയിൽ പ്രവർത്തിച്ചുകൊ ിരിക്കുന്നതും പ്രതിദിനം 200 ലിറ്ററിലധികം പാൽ സംഭരിക്കുന്നതുമായ 15 ക്ഷീര സഹകരണ സംഘങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം റിവോൾവിംഗ് ഫ ് നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പുതിയ പശുക്കളെ വാങ്ങുന്നതിനായി ഒരു സംഘത്തിലെ തെരഞ്ഞെടുത്ത 5 കർഷകർക്ക് ഈ തുകയിൽ നിന്നു 20,000/-രൂപ വീതം പലിശ രഹിത വായ്പയായി നൽകുന്നു. വായ്പതുകയുടെ തിരിച്ചടവ് പൂർണ്ണമാകുമ്പോൾ മുൻഗണന പ്രകാരം ലിസ്റ്റിലുളള അടുത്ത ക്ഷീര കർഷകർക്ക് വായ്പ അനുവദിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുളളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും 4.3.2011-ലെ 62174/ഡി.ബി/10/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടു ്. ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ പ്രകാരം തൻവർഷം അപേക്ഷിച്ച 32 ക്ഷീര സഹകരണ സംഘങ്ങൾ ധനസഹായത്തിന് അർഹരാണെന്നും 32 സംഘങ്ങൾക്കും ധനസഹായം നൽകണമെന്നത് പരിഗണിച്ച് 02-02-11-ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ II(18)-ാം നമ്പർ തീരുമാന പ്രകാരം ഈ പദ്ധതിയുടെ ഭരണാനുമതി തുക 15 ലക്ഷത്തിൽ നിന്നും 32 ലക്ഷമായി ഉയർത്തുന്നതിനും പദ്ധതി സേവിംഗ്സിൽ നിന്നും അധികം തുക ചെലവഴിക്കാനും തീരുമാനിച്ചിട്ടു ്. ഫയൽ പരിശോധിച്ചതിൽ ഡി.പി.സി അംഗീകാരത്തിന് വിരുദ്ധമായി ബിൽ നമ്പർ. ഡി.പി.ബി-1/10-11 തീയതി, 31-03-11 പ്രകാരം 32 ലക്ഷം രൂപ ചെലവഴിച്ചിട്ടു ്. ഇപ്രകാരം ഡി.പി.സി അംഗീകാരത്തിന് വിരുദ്ധമായി 17 ലക്ഷം രൂപ അധികം ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേ താണ്. അധിക ചെലവ് (17 ലക്ഷം) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ശുപാർശകൾ**

ക്ഷീര സഹകരണ സംഘങ്ങൾ മുൻഗണന ലിസ്റ്റ് പ്രകാരം 5 ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനായി പലിശ രഹിത വായ്പയായി നൽകുന്ന തുക തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് അടുത്ത ക്ഷീര കർഷകന് പശുവിനെ വാങ്ങുന്നതിനായി വായ്പയായി നൽകുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുളളത്. എന്നാൽ നിലവിലെ നിർവ്വഹണ രീതിയിൽ ഇപ്രകാരമുളള തിരിച്ചടവും പദ്ധതി പുരോഗതിയും തിരിച്ചടവിന്റെ കാലാവധിയും കുറ്റമറ്റ രീതിയിൽ വിലയിരുത്തുന്നതിന് ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനമില്ല. ആയതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**3-15 സുവർണ്ണ ജൂബിലി മ്യൂസിയം - പദ്ധതി പണം നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു - സർക്കാരിലേക്ക് തിരിച്ചടയ്ക്കേ താണ്**

ജില്ലാ പഞ്ചായത്തിന്റെ 2007-08-ലെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി (പ്രോ.എം.097/08) ആലപ്പുഴ ജില്ലാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥാപിക്കുന്നതിനു വേ ി പദ്ധതി ഏറ്റെടുത്തിരുന്നു. പദ്ധതി നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ജില്ലാ പഞ്ചായത്ത് വിഹിതമായി 4,07,234/-രൂപ സ്പെഷ്യൽ ഓഫീസറുടെ പേരിൽ ആന്ധ്രാ ബാങ്കിന്റെ ആലപ്പുഴ ശാഖയിൽ (അക്കൗ ്.3691) നിക്ഷേപിച്ചിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിച്ചിട്ടുളളതായി കാണുന്നു. തുടർന്ന് 13.8.10-ലെ 9-ാം നമ്പർ തീരുമാന പ്രകാരം മേൽ അക്കൗ ് ക്ലോസ് ചെയ്ത് നിക്ഷേപിച്ച തുക നാളിതുവരെയുളള പലിശ സഹിതം 21.7.10-ലെ 2392/10/തസ്വഭവ(സാധാ) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.എസ് പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അംഗീകാരം നൽകുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടു ്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ മേൽ അക്കൗ ിന്റെ പാസ് ബുക്ക് പ്രകാരം പലിശ സഹിതം 4,59,476/-രൂപ ഇപ്പോഴും നിലവിലു ്. നാളിതുവരെ ഈ അക്കൗ ് ക്ലോസ് ചെയ്യുകയോ തുക ഇ.എം.എസ് ഭവന പദ്ധതിക്കായി വിനിയോഗിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പദ്ധതിപ്പണം

Local Fund Audit Department

നിഷ്ക്രിയമായി അക്കൗ ിൽ സൂക്ഷിക്കാതെ കൺസോളിഡേറ്റഡ് അക്കൗ ിലേക്ക് തിരിച്ചടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേ താണ്.

**3–16 ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി – ഭവന വായ്പ –**
**അക്കൗ ിൽ നിന്നുള്ള പിൻവലിക്കലുകളിലെ അപാകതകൾ**

1. വായ്പ അക്കൗ ിൽ നിന്നുള്ള വരവു-ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല

2010-11 വർഷം 24,36,55,500/- രൂപ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നു. ഇതിന്റെ ആദ്യ ഗഡുവായി 2,46,26,725/-രൂപ പ്രസിഡന്റിന്റെയും പി.എ.യു പ്രോജക്ട് ഡയറക്ടറുടെയും പേരിൽ അക്കൗ ് നം.14287 ൽ വരവു വയ്ക്കുകയും ഈ തുകയിൽ നിന്നും 31-07-2010-ൽ റ്റി.എസ്.പി ഹൗസിംഗ് എന്ന പേരിൽ 6,37,250/- രൂപയും ഹൗസിംഗ് ജനറൽ എന്ന പേരിൽ 2,39,89,475/- രൂപയും പിൻവലിച്ചിട്ടു ്. എന്നാൽ ഈ തുകയുടെ വരവു-ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നടത്തിപ്പിനായി, വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന എല്ലാ തുകകളുടെയും വരവു-ചെലവുകൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തേ താണ്.

2. വായ്പ തുകയിൽ നിന്നുള്ള മേൽ പ്രസ്താവിച്ച പിൻവലിക്കലുകൾ ജില്ലാ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടില്ല. ഏതെല്ലാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നത് എന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഫയലിലും പ്രത്യേക പരാമർശങ്ങൾ ഇല്ല. വായ്പ തുകയിൽ നിന്നുള്ള പിൻവലിക്കലുകൾ ജില്ലാ പഞ്ചായത്തിന്റെ അറിവോടെ മാത്രം നടക്കുവാൻ ശ്രദ്ധിക്കേ താണ്.

**3. (1) വായ്പ അക്കൗ ിൽ നിന്നുള്ള ആദ്യ ഗഡു തുകയുടെ വിതരണം –**
**പ്രോജക്ടില്ല – കൈപ്പറ്റു-വിനിയോഗ വിവരങ്ങളും ലഭ്യമല്ല**

2010-11 വർഷം ഭവന നിർമ്മാണം-ജനറലിനായി അംഗീകാരം ലഭിച്ചിരുന്നത് എസ്.149/11 എന്ന പ്രോജക്ടിന് മാത്രമാണ്. (ഐ.എ.വൈ ജനറൽ) പ്രോജക്ടിന്റെ അടങ്കൽ തുക 21,08,272/-രൂപയാണ്. ഈ തുക മുഴുവൻ ബിൽ നം.4/10-11 തീയതി, 10-03-2011 പ്രകാരം പിൻവലിച്ച് 12 ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടു ്. ഇതിന്റെ കൈപ്പറ്റു വിവരം തുക വിതരണ രജിസ്റ്റർ പേജ് 16,17 പേജുകളിൽ രേഖപ്പെടുത്തിയിട്ടു ്. എന്നാൽ ഈ തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഐ.എ.വൈ ജനറൽ പ്രോജക്ടിനായി പിൻവലിച്ച 21,08,272/-രൂപയുടെ ചെലവും തടസ്സത്തിൽ വയ്ക്കുന്നു. ഭവന നിർമ്മാണത്തിനായി പി.എ.യു. പ്രോജക്ട് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്ടുകൾ ഒന്നും ഇല്ലാതിരിക്കെ ഭവന നിർമ്മാണം ജനറൽ എന്ന പേരിൽ വായ്പ അക്കൗ ിൽ നിന്നും 2,39,89,475/-രൂപ പിൻവലിച്ച് താഴെ പറയും പ്രകാരം വിഭജിച്ചിട്ടു ്.

| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ചെക്ക് നം. & തീയതി | തുക |
|---|---|---|
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 673281/31.7.10 | 16,52,500 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 673282/31.7.10 | 33,96,475 |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 673283/31.7.10 | 17,93,250 |
| ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | 673284/31.7.10 | 17,18,250 |
| അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 673285/31.7.10 | 16,10,750 |
| ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | 673286/31.7.10 | 16,97,625 |
| വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 673287/31.7.10 | 12,44,000 |
| ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 673288/31.7.10 | 22,09,000 |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 673289/31.7.10 | 20,99,125 |
| മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 673290/31.7.10 | 16,06,750 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 673291/31.7.10 | 25,01,000 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 673292/31.7.10 | 24,60,750 |
| **ആകെ** | | **2,39,89,475** |

Local Fund Audit Department

എന്നാൽ വായ്പ അക്കൗ ിൽ നിന്നുള്ള ഈ തുകകൾ ബ്ലോക്ക് പഞ്ചായത്തുകൾ കൈപ്പറ്റിയതിന് രേഖകളില്ലാത്തതിനാലും വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാലും തുക തടസ്സപ്പെടുത്തുന്നു.

(2) റ്റി.എസ്.പി ഭവന നിർമ്മാണത്തിനായി എസ്.148/10-11 എന്ന പ്രോജക്ടിന് 6,37,250/-രൂപയ്ക്ക് അംഗീകാരം ലഭിച്ചിരുന്നു. ഈ തുക മുഴുവനും ബിൽ നം.1/10-11 തീയതി, 13.1.11 പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകി. എന്നാൽ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു. ഇതു കൂടാതെ വായ്പ അക്കൗ ിൽ നിന്നും താഴെ പറയും പ്രകാരം പല ചെക്കുകളിലായി 6,37,250/- രൂപ പിൻവലിച്ച് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടു ്. എന്നാൽ ഈ തുകകളും ബ്ലോക്ക് പഞ്ചായത്തുകൾ കൈപ്പറ്റിയതിന് രേഖകളില്ല.

| | | |
|---|---|---|
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | - 673296 തീയതി, 05.08.10 | - 1,51,375 |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | - 673295 തീയതി, 05.08.10 | - 64,875 |
| ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | - 673297 തീയതി, 05.08.10 | - 1,73,000 |
| അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | - 673298 തീയതി, 05.08.10 | - 21,625 |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | - 673299 തീയതി, 05.08.10 | - 75,000 |
| മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | - 673300 തീയതി, 05.08.10 | - 86,500 |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | - 673311 തീയതി, 05.08.10 | - 64,875 |
| | | 6,37,250 |

Local Fund Audit Department

വായ്പ അക്കൗ ിൽ നിന്നും പിൻവലിച്ച പ്രസ്തുത തുകയുടെ കൈപ്പറ്റ് വിനിയോഗ രേഖകളുടെ അഭാവത്തിൽ ടി തുകകൾ തടസ്സത്തിൽ വയ്ക്കുന്നു. വായ്പ അക്കൗ ിൽ നിന്നുള്ള തുകയുടെ പിൻവലിക്കലും, വിനിയോഗവും പ്രത്യേക അന്വേഷണത്തിന് വിധേയമാക്കേ താണ്.

**<u>3-17 ഫലപ്രാപ്തിയിലെത്താതെ മുൻവർഷ പ്രോജക്ടുകൾ – തുടർ നടപടികൾ അനിവാര്യം</u>**

മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത പല വലിയ പ്രോജക്ടുകളും, ലക്ഷങ്ങൾ മുടക്കിയിട്ടും ഇപ്പോഴും ഫലപ്രാപ്തിയിൽ എത്താത്ത അവസ്ഥയിലാണ്.

1. **<u>ലിംഫ് ഫിറ്റിങ് സെന്റർ–</u>**

2007-08-ൽ എസ്.085/08, എസ്.102/08 എന്നീ പ്രോജക്ടുകൾ പ്രകാരം 18,47,000/-രൂപ ചെലവഴിച്ചിട്ടു ്. ഈ സ്ഥാപനം പ്രവർത്തിക്കുന്നതിനായി പുന്നപ്രയിൽ പ്രവർത്തന രഹിതമായി കിടന്നിരുന്ന ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കെട്ടിടങ്ങൾ വിട്ടുകൊടുത്തിരുന്നു. ടി സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിന് 24.02.2012-ൽ എസ്2 നമ്പരായി നൽകിയ എൻക്വയറിക്ക് സെക്രട്ടറി നൽകിയ മറുപടി പ്രകാരം ടി സ്ഥാപനം പ്രവർത്തനക്ഷമമല്ലെന്നും വികലാംഗക്ഷേമ കോർപ്പറേഷന് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടും വികലാംഗ ക്ഷേമ കോർപ്പറേഷൻ യാതൊരു അനന്തര നടപടികളും സ്വീകരിച്ചിട്ടില്ല എന്നും അറിയിക്കുകയു ായി. പദ്ധതി പ്രവർത്തന ക്ഷമമാക്കുവാൻ സത്വര നടപടി സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. **<u>എസ്.എസ്.എ പ്രോജക്ടുകൾ</u>**

മുൻ വർഷങ്ങളിൽ താഴെ പറയുന്ന സ്കൂളുകൾക്ക് എസ്.എസ്.എ. ഫ ിൽ നിന്നും നൽകിയ തുകകൾ നാളിതുവരെ പൂർണ്ണമായി വിനിയോഗിക്കുകയോ, പണി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലെന്ന് 24-02-2012-ൽ എസ്-2 നമ്പരായി നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കുകയു ായി.

| | | | |
|---|---|---|---|
| 1) | ജി.എച്ച്.എസ്സ്.എസ്സ്.പെരുമ്പളം (പുതിയ ക്ലാസ് മുറി നിർമ്മാണം) | - | 4,40,944 |
| 2) | ഗവ:ബോയ്സ് ഹരിപ്പാട് (പുതിയ ക്ലാസ് മുറി നിർമ്മാണം) | - | 4,50,000 |
| 3) | ഗവ: എച്ച്.എസ്സ്..അരൂർ (പുതിയ ക്ലാസ് മുറി നിർമ്മാണം) | - | 1,90,000 |

പണി പൂർത്തിയാക്കുന്നതിന് ജില്ലാ പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേ താണ്.

3-18 **മങ്കൊമ്പ് എ.റ്റി.ജി.വി.എച്ച്.എസ്.എസ്-ൽ ക്ലാസ് മുറി നിർമ്മാണം – ക്രമരഹിതമായി അഡ്വാൻസുകൾ അനുവദിച്ചത്**

I. വൗച്ചർ നം.19-1/11 പ്രകാരം രൂ.2,23,070/- മങ്കൊമ്പ് എ.റ്റി.ജി.വി.എച്ച്.എസ്.എസ് പ്രിൻസിപ്പാൾ പേർക്ക് 3 ക്ലാസ് മുറി നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ര ാം അഡ്വാൻസ് എന്ന നിലയ്ക്ക് അനുവദിച്ചിട്ടു ്. 2009-10-ലെ എസ്.എസ്.എ. പദ്ധതിയുമായി ബന്ധപ്പെട്ട എസ്.ബി.ഐ-യിലെ (എ.ഡി.ബി) അക്കൗ ിൽ നിന്നുമാണ് തുക അനുവദിച്ചിട്ടുള്ളത്. രൂ.7,50,000/- അടങ്കലുള്ള ടി പ്രവർത്തിയുടെ ഒന്നാം അഡ്വാൻസ് രൂ.3,50,330/- 26.3.2010-ലെ ഉത്തരവ് നം.ഇ.ഡി.501/10/എസ്.എസ്.എ പ്രകാരം അനുവദിച്ചിരുന്നു. കൺവീനർമാർ മുഖേന നടപ്പാക്കുന്ന മരാമത്ത് വേലകൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുമ്പോൾ അടങ്കൽ തുകയുടെ 25% പരമാവധി 1 ലക്ഷം രൂപ മാത്രമാണ് നൽകാവുന്നത്. എന്നാൽ ഇവിടെ രൂ.3,50,330/- അനുവദിച്ചു നൽകിയതിന്റെ പുറമേ പാർട്ട് ബില്ലു പോലും ഹാജരാക്കാതെ വീ ും അഡ്വാൻസ് അനുവദിച്ച നടപടി ക്രമപ്രകാരമല്ല. ഇത് അഡ്വാൻസ് രജിസ്റ്ററിലും ചേർത്തിട്ടില്ല.

ഇതിനു പുറമേ വൗച്ചർ നം.20-1/11 പ്രകാരം രൂ.2,86,700/- ഇതേ സ്കൂളിലെ ര ാം ബ്ലോക്കിൽ ക്ലാസ് മുറി നിർമ്മാണത്തിനായി പ്രിൻസിപ്പാൾ പേർക്ക് അനുവദിച്ചതിലും ഇതേ അപാകത കാണുന്നു ്. ഈ പ്രവർത്തിയുടെയും അടങ്കൽ 7,50,000/- തന്നെയാണ്. (I-ാം അഡ്വാൻസ് എന്നാണ് വൗച്ചറിൽ കാണുന്നതെങ്കിലും തുക അനുവദിച്ച 07-01-11-ലെ ഇ.ഡി 948/10/എസ്.എസ്.എ. നമ്പർ ഉത്തരവിൽ 26-03-10 തീയതിയിൽ ആദ്യ ഗഡുവായി രൂ.2,86,700/- അനുവദിച്ചതായി പറയുന്നു ്).

മൊബൈലസേഷൻ അഡ്വാൻസ് അനുവദിച്ച ശേഷം, സെക്വേർഡ് അഡ്വാൻസായി മാത്രമാണ് വീ ും തുക അനുവദിയ്ക്കാവുന്നത് എന്നിരിക്കെ അധിക മൊബൈലസേഷൻ അഡ്വാൻസ് നൽകിയതിന് പുറമേ പൂർത്തിയായ വേലകളുടെ അളവുകളെടുക്കാതെ വീ ും നൽകിയ തുക രൂ.5,09,770/- (2,23,070+2,86,700) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ര ു പ്രവർത്തികളുടെയും അടങ്കൽ തുകയുടെ 75% മേൽ തുക നൽകിയിട്ടുള്ള സാഹചര്യത്തിൽ ഫൈനൽ ബില്ല് ഹാജരാക്കാതെയും കൺവീനറായ പ്രിൻസിപ്പാൾ യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കാതെയും കൂടുതൽ തുക അനുവദിക്കാൻ പാടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന പ്രവർത്തികൾ നടത്തുമ്പോൾ ആയതിന്റെ മാനദണ്ഡങ്ങൾ പാലിക്കാതെ തുക അനുവദിക്കുന്നത് ക്രമ വിരുദ്ധമാണ്.

II. വൗച്ചർ നം.29/1-11 പ്രകാരം രൂ.4,25,900/- മുളക്കുഴ ജി.എച്ച്.എസ്.എസ്-ൽ 4 ക്ലാസ് റൂമുകളുടെ നിർമ്മാണത്തിനുള്ള മൊബലൈസേഷൻ അഡ്വാൻസ് ആയി അനുവദിച്ചിട്ടു ്. ടി പ്രവർത്തിയുടെ അടങ്കൽ രൂ.12,40,000/-ന് ഭരണ സാങ്കേതികാനുമതികൾ ലഭിച്ചിട്ടുള്ളതിനാൽ പരമാവധി 1 ലക്ഷം രൂപ മാത്രമാണ് ടിയിനത്തിൽ അനുവദിക്കാമായിരുന്നത് എങ്കിലും രൂ.3,25,900/-അധികമായി പ്രിൻസിപ്പാൾ പേർക്ക് അനുവദിച്ചിട്ടുള്ളത് ക്രമ പ്രകാരമല്ല. ഈ തുക നൽകിയതിന്റെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിലും ചേർത്തിട്ടില്ലാത്തതിനാൽ ഭാവിയിൽ ഈ തുക ക്രമീകരിച്ചതിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നതല്ല. ഫൈനൽ ബിൽ/പാർട്ട് ബിൽ ഇവയിൽ ടി അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നത് വരെ 4,25,900/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**3-19 ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വസതി നിർമ്മാണത്തിൽ ക്രമ വിരുദ്ധ നടപടികൾ.**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വസതി നിർമ്മിക്കുക എന്ന പ്രോജക്ടിനായി (158/09-10) 2009-10, 10-11 വർഷങ്ങളിലായി താഴെപ്പറയും പ്രകാരം 65,41,300/-രൂപ ചെലവു ചെയ്തിട്ടു ്.

| | | | |
|---|---|---|---|
| • സ്ഥലം വാങ്ങുന്നതിന് | - | 36,61,300/- | ഡി.ഡി നം.543726/27.01.10 |
| • ചുറ്റുമതിലും കെട്ടിടവും നിർമ്മിക്കുന്നതിന് | - | 27,39,849/- | ഡി.ഡി നം.578160/26.3.10 (ബിൽ നം. II(Y)09-10/25.3.10) |
| • യാർഡ് ഫില്ലിംഗ് | - | 1,40,151/- | (ബിൽ നം.110/10-11/11.3.11) |
| ആകെ | - | 65,41,300/- | |

Local Fund Audit Department

പ്രോജക്ട് നടത്തിപ്പിൽ, പദ്ധതി നിർവ്വഹണത്തിനുള്ള വ്യവസ്ഥാപിത മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും വ്യാപകമായി ലംഘിക്കപ്പെട്ടതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

i. കേരള പഞ്ചായത്ത് രാജ് വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ 2005 അനുസരിച്ച് പൊതു ആവശ്യങ്ങൾക്കായി സ്ഥലം വാങ്ങുമ്പോൾ, വാങ്ങാനുദ്ദേശിക്കുന്ന സ്ഥലം നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്നുള്ള ജില്ലാ കളക്ടറുടെ സാക്ഷ്യപത്രം, വിലയെ സംബന്ധിച്ച് ക്ഷമതയുള്ള എഞ്ചിനീയർ നൽകുന്ന സാക്ഷ്യപത്രം, 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, ഭൂമിയുടെ ആധാരവും മറ്റും പരിശോധിച്ച് ഗവ:പ്ലീഡർ നൽകുന്ന സാക്ഷ്യപത്രം എന്നിവയെ അടിസ്ഥാനമാക്കി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയും 12-02-98-ലെ 18/98-ാം നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനുവദിക്കാവുന്ന 30% സൊലേഷ്യവും മാത്രമാണ് നൽകാവുന്നത്. എന്നാൽ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ ഒന്നും അവലംബിക്കാതെ വസ്തുവിന്റെ വില കളക്ടർ നിശ്ചയിക്കുന്നതിനു സാഹചര്യം ഒരുക്കാതെ, വസ്തു ഉടമയായ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നിശ്ചയിച്ച വില നൽകി.

ii. ജില്ലാ പഞ്ചായത്തിന്റെ പേരിൽ സ്ഥലത്തിന്റെ ആധാരം രജിസ്റ്റർ ചെയ്യപ്പെടുന്നതിനു മുൻപ്, മുനിസിപ്പൽ അധികാരികളിൽ നിന്നു കെട്ടിട നിർമ്മാണത്തിനുള്ള അനുമതിയില്ലാതെ, ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. ആധാരം നാളിതുവരെ രജിസ്റ്റർ ചെയ്യുകയോ, കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

iii. ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി, ജില്ലാ തല സാങ്കേതിക ഉപദേശക സമിതിയുടെ സാങ്കേതികാനുമതിയോടെ, ടെൻഡർ വ്യവസ്ഥയിലോ, അംഗീകൃത നിർമ്മാണ ഏജൻസി വഴിയോ നേരിട്ടോ പ്രവൃത്തി നടത്തുന്നതിനു പകരം കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തയ്യാറാക്കി, ടി സ്ഥാപനത്തിന്റെ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി ഹൗസിംഗ് ബോർഡിനെക്കൊ ` പ്രവൃത്തി നടത്തിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി എഞ്ചിനിയറിംഗ് വിഭാഗം ഉള്ളതിനാൽ ടി സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കാൻ പാടില്ല എന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.11.06-ലെ ഡി.പി/1/06/35715-ാം നമ്പർ കത്തിലെ നിർദ്ദേശം അവഗണിച്ച്, വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത ഹൗസിംഗ് ബോർഡിനെ പ്രവൃത്തി ഏൽപ്പിച്ചു.

മേൽപ്പറഞ്ഞ ക്രമവിരുദ്ധ ചെലവുകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.എ9) കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് വസ്തുവകകൾ വിൽക്കാൻ കഴിയില്ല എന്നും മുദ്രപത്ര വില ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയാകാതിരുന്നതിനാലാണ് ആധാരം രജിസ്റ്റർ ചെയ്യാതെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചതെന്നും, ആധാരം രജിസ്റ്റർ ചെയ്യാതെ കെട്ടിട നിർമ്മാണ അനുമതിക്ക് അപേക്ഷിക്കാൻ കഴിയില്ല എന്നും ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചു. ഇതേ മറുപടി തന്നെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയും നൽകിയത്. ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ചാണ് ഹൗസിംഗ് ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ബോർഡ് ചീഫ് എഞ്ചിനിയർ സാങ്കേതികാനുമതി നൽകിയതെന്നും, കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഉൾപ്പെടുത്തിയാണ് ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും, ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ചെയ്യാൻ ബോർഡിനോട് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ചാണ് തുക മുഴുവൻ ആദ്യം വാങ്ങിയതെന്നും അറിയിച്ചു.

ടി വിശദീകരണങ്ങൾ തൃപ്തികരമല്ല. പദ്ധതി നടത്തിപ്പിനു നിർദ്ദേശിക്കപ്പെട്ടിരുന്ന നിബന്ധനകളും മാർഗ്ഗ നിർദ്ദേശങ്ങളും ലംഘിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേ താണ്.

Local Fund Audit Department

**3-20 ഹരിപ്പാട് ഗവ. ടെക്നിക്കൽ ഹൈസ്ക്കൂൾ പുനഃരുദ്ധാരണം - ക്രമവിരുദ്ധ നടപടി ക്രമങ്ങൾ**

2010-11 വാർഷിക പദ്ധതിയിലെ 150/11-ാം നമ്പർ പ്രോജക്ട് ആയി ഹരിപ്പാട് ഗവ. ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ഗവ. നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ലംഘിക്കപ്പെട്ടതായി കാണുന്നു. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

എൽ.എസ്.ജി.ഡി. വിഭാഗം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ, ര ു കെട്ടിടങ്ങളുടെ പുനഃരുദ്ധാരണത്തിനായി തയ്യാറാക്കിയ 18,05,000/- രൂപയുടെ (5,00,000+13,05,000) റഫ് കോസ്റ്റ് എസ്റ്റിമേറ്റിനോപ്പം പ്രോജക്ട് ശുപാർശ ഡിപിസിക്ക് അംഗീകാരത്തിനു നൽകി. എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി, ടെൻഡർ വ്യവസ്ഥയിൽ നിർവ്വഹണം നടത്തുന്നതിനു വിഭാവനം ചെയ്തിരുന്ന ടി പ്രോജക്ടിന് ക്രമപ്രകാരം സാങ്കേതികാനുമതി ലഭിച്ചിരുന്നില്ല. 'പ്രോജക്ട് വിലയിരുത്തലും അംഗീകാരവും' എന്ന 12-ാം നമ്പർ അച്ചടിച്ച ഫാറത്തിലെ വിശദമായ സാങ്കേതിക പരിശോധനയുടെ സാക്ഷ്യപത്രം രേഖപ്പെടുത്തുന്ന ഭാഗത്ത്, 215/ആർ.ബി.ബി/27.12.10 നമ്പർ പ്രകാരം സാങ്കേതികാനുമതി നൽകുന്നതായി രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ ഒപ്പുവെച്ചിട്ടു ്. എന്നാൽ ടി തീയതിയിൽ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും, പ്ലാനും ഡിസൈനും, ഡാറ്റായും ഒന്നും തയ്യാറാക്കിയിരുന്നില്ല. ടി സംഗതികൾ ഇല്ലാതെ എപ്രകാരം സാങ്കേതിക പരിശോധന നടത്തിയെന്ന് വ്യക്തമല്ല.

തുടർന്ന്, ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 22-03-11-ലെ II(11) നമ്പർ തീരുമാന പ്രകാരം, ഡിപിസി അംഗീകാരം ലഭിച്ചിട്ടും നാളിതുവരെ ടെൻഡർ നടപടി സ്വീകരിക്കാത്തതിനാൽ, ടി പ്രവൃത്തി ആലപ്പുഴ ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയറെക്കൊ ് നിർവ്വഹണം നടത്തിക്കാനും, അതിന്, ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കാനും നിശ്ചയിച്ചു. എന്നാൽ ഡിപിസി അംഗീകാരം നൽകിയ 5,00,000/- രൂപയുടേയും 13,05,000/- രൂപയുടേയും ര ു കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനുപകരം വകയിരുത്തിയിരുന്ന 18,05,000/- രൂപയും വിനിയോഗിച്ച് ര ാം നമ്പർ കെട്ടിടം മാത്രം പുനഃരുദ്ധാരണം നടത്തുന്നതിനാണ് ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയത് (എസ്റ്റിമേറ്റ് തയ്യാറാക്കിയ തീയതി 07-02-11) ടി എസ്റ്റിമേറ്റിന് ഡിപിസിയുടേയോ, സാങ്കേതിക സമിതിയുടേയോ അംഗീകാരവുമില്ല. ഇതിനുപുറമേ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി മരാമത്തു പണികൾ ഏറ്റെടുത്തു നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി ഹൗസിംഗ് ബോർഡിനെ അംഗീകരിച്ചിട്ടുമില്ല. സ്വന്തമായി എൻജിനീയറിംഗ് വിഭാഗം ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കാൻ പാടില്ല എന്ന് തദ്ദേശ സ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15-11-06-ലെ സിപി1/06/35715-ാം നമ്പർ കത്തിലെ നിർദ്ദേശം അവഗണിച്ചാണ് ഹൗസിംഗ് ബോർഡിനെ പ്രവൃത്തി ഏൽപ്പിച്ചത്.

**ക്രമവിരുദ്ധമായി പണം നൽകിയത്:-**

ഹൗസിംഗ് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കിയ, ഡിപിസിയുടേയോ റ്റി.എ.ജി.യുടേയോ അംഗീകാരമില്ലാത്ത എസ്റ്റിമേറ്റിനെ ആധാരമാക്കി കരാർ വയ്ക്കുകയും (നം: 2/10-11/31.3.11) എസ്റ്റിമേറ്റ് തുക മുഴുവൻ (18,05,000/-) ബിൽ നം: 86/10-11/31.3.11 പ്രകാരം നൽകുകയും ചെയ്തു. ജി.ഒ.(എം.എസ്)133/07/18.5.07 പ്രകാരം അക്രഡിറ്റഡ് ഏജൻസി വഴി പ്രവൃത്തി നടപ്പാക്കുമ്പോൾ, കരാർ വയ്ക്കുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 20% മുൻപ് കൊടുത്ത അഡ്വാൻസുകളുടെ 90% ചെലവ് ചെയ്തു എന്ന് അളവുകൾ പരിശോധിക്കാൻ അധികാരമുള്ള എൻജിനീയർ സാക്ഷ്യപ്പെടുത്തുമ്പോൾ, 2,3,4 ഘട്ടങ്ങളിലായി 20% വീതവും, 4-ാം ഘട്ടംവരെ കൊടുത്ത തുകയുടെ 90% ചെലവു ചെയ്തു എന്നു സാക്ഷ്യപ്പെടുത്തുമ്പോൾ 10%വും, പ്രവൃത്തി പൂർത്തിയാക്കി, അളന്ന് രേഖപ്പെടുത്തി മൂല്യം തിട്ടപ്പെടുത്തി രേഖകൾ എല്ലാം ഹാജരാക്കുമ്പോൾ ബാക്കി തുകയും നൽകാനാണ് നിർദ്ദേശം. ആയത് അവഗണിച്ച് കരാർ വച്ച

Local Fund Audit Department

തീയതിയിൽ തന്നെ മുഴുവൻ തുകയും നൽകി. നാളിതുവരെ, പ്രവൃത്തി അളന്ന് മൂല്യം തിട്ടപ്പെടുത്തി രേഖകൾ ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടില്ല.

മേൽപ്പറഞ്ഞ സംഗതികൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊ ് നൽകിയ എൻക്വയറിക്ക് (നം:എ8) ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് വിശദമായ എസ്റ്റിമേറ്റും, സാങ്കേതിക പരിശോധനയും ഇല്ലാതെ, ടെൻഡർ വിളിക്കാതെ പ്രവൃത്തി, ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ചതെന്നും, ജില്ലാ പഞ്ചായത്തിന്റെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിരുന്ന നിർമ്മിതികേന്ദ്ര, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും 07-09-07-ലെ 408/07 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ചതെന്നും അറിയിച്ചു.

മറുപടി തൃപ്തികരമല്ല. തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക പരിശോധന നടത്തുന്നതിനും തടസ്സമല്ല. ഹൗസിംഗ് ബോർഡിനെ മരാമത്തു പണികളുടെ നിർവ്വഹണച്ചുമതല ഏൽപ്പിക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം അവഗണിച്ചതിന് ന്യായീകരണമില്ല.

പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നിബന്ധനകളും ലംഘിച്ച് പണം ചെലവു ചെയ്തതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേ താണ്. തൻവർഷം ചെലവു ചെയ്ത 18,05,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3–21 കുടശ്ശനാട് ഗവ: ഹയർസെക്കൻഡറി സ്ക്കൂൾ പുനഃരുദ്ധാരണം – കോൺക്രീറ്റ് നടത്തിയ ചെലവ് 94,734/– രൂപ നിരാകരിക്കുന്നു.

2007-08 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു 2010-11-ൽ പൂർത്തിയാക്കിയ പാലമേൽ ഗ്രാമപഞ്ചായത്തിലെ കുടശ്ശനാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്ക്കൂൾ പുനഃരുദ്ധാരണ പ്രവൃത്തിയിൽ അനുവദനീയമല്ലാത്ത ചെലവുകൾ ഉൾപ്പെടുത്തി മൂല്യം തിട്ടപ്പെടുത്തിയതിനാൽ 94,734/-രൂപ അധികമായി ചെലവു ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 9,00,000/- | പ്രവൃത്തിയുടെ മൂല്യം | : | 4,94,861/- |
| നികുതിയും മറ്റും | : | 24,941/- | എം.ബുക്ക് നം. | : | 319/08 |
| പണം നൽകിയത് | : | | മൊബിലൈസേഷൻ അഡ്വാൻസ് | : | 1,00,000/- |
| | | | ഫൈനൽ ബിൽ (40/10-11/12.1.11) | : | 394,861/- |
| | | | | : | 4,94,861/- |

നിർവ്വഹണം : അദ്ധ്യാപക രക്ഷാകർതൃ സമിതി.

പ്രവൃത്തിയിൽ ഇനം നമ്പർ 9 പ്രകാരം സ്ക്കൂൾ കെട്ടിടത്തിന്റെ ക്ലാസ്സ് റൂമുകളിലേയും, വരാന്തയിലേയും പഴയ സിമിന്റ് പ്ലാസ്റ്റർ 542.58/- ച.മീ. പൊളിച്ചു മാറ്റുന്നതിന് 70/10എം$^2$ നിരക്കിൽ 3,798/- രൂപയും ഇനം നമ്പർ 10 പ്രകാരം ടി പ്രതലം (542.58 ച.മീ.) 7.5 സെ.മീ. കനത്തിൽ 40 എം.എം. മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ സിമിന്റ് കോൺക്രീറ്റു ചെയ്യുന്നതിനും അതിനു മുകളിൽ 12 എം.എം. കനത്തിൽ 1:3 അനുപാതത്തിൽ പ്ലാസ്റ്റർ ചെയ്യുന്നതിനുമായി 10 ചതുരശ്രമീറ്ററിന് 2,575/- രൂപ നിരക്കിൽ 1,39,714/- രൂപ നൽകി.

കെട്ടിടം നിർമ്മിച്ചപ്പോൾ ക്ലാസ്സ് റൂമുകളും വരാന്തയും സിമിന്റ് കോൺക്രീറ്റ് ചെയ്തതിനുശേഷമാണ് പ്ലാസ്റ്റർ ചെയ്തിരുന്നത്. പുനഃരുദ്ധാരണ സമയത്ത് ടി പ്ലാസ്റ്റർ മാത്രം പൊളിച്ചു നീക്കിയാൽ, പുതിയതായി പ്ലാസ്റ്റർ മാത്രം ചെയ്താൽ മതിയാകും. പഴയ കോൺക്രീറ്റ് പൊളിച്ചു നീക്കിയില്ല എന്നതിൽ നിന്നും, പുനഃരുദ്ധാരണ സമയത്ത് പുതിയതായി കോൺക്രീറ്റ് ചെയ്തിരുന്നില്ല എന്നു വ്യക്തമാണ്. പഴയ കോൺക്രീറ്റ് പൊളിച്ചു മാറ്റാതെ, അതിനു മുകളിൽ വീ ും 7.5 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്താൽ, ക്ലാസ്സ് റൂമുകളുടേയും, വരാന്തയുടേയും തറനിരപ്പ് കട്ടിളകളുടെ താഴത്തെ പടിയുടെ മുകളിലാവും. അത് അസംഭവ്യമാണ്. ആയതിനാൽ പുനഃരുദ്ധാരണ സമയത്ത് പഴയ പ്ലാസ്റ്റർ

Local Fund Audit Department

പൊളിച്ചു നീക്കിയിട്ട്, പുതിയതായി പ്ലാസ്റ്റർ ചെയ്യുക മാത്രമാണു   ായതെന്ന് വ്യക്തമാണ്. ആയതിനാൽ ഇനം നമ്പർ : 10 പ്രകാരം പ്ലാസ്റ്റർ ചെയ്യുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനുമായി 10 ച.മീറ്ററിന് 2,575/- രൂപ നിരക്കിൽ 542.58 ച.മീറ്ററിന് അനുവദിച്ച 1,39,714/- രൂപയിൽ പ്ലാസ്റ്ററിംഗിന് മാത്രമുള്ള തുകയാണ് അനുവദിക്കാവുന്നത്. അനുവദനീയ തുക താഴെഷറയും പ്രകാരം കണക്കാക്കുന്നു.

സിമിന്റ് പ്ലാസ്റ്ററിംഗ്   1:3, 12എം.എം.

542.58 ച.മീ.@ 829/10 എം$^2$ പ്ലാസ്റ്ററിംഗിന്റെ നിരക്ക്/10എം$^2$

പ്ലാസ്റ്ററിംഗ്   1:3, 12എം.എം.

| | | | | |
|---|---|---|---|---|
| 0.14എം$^3$ ചരൽ-@ 900/എം$^3$ | : | 126.00/- | | |
| കൺവേയൻസ് @168.3/എം$^3$ | : | 23.56/- | | |
| (ആവറേജ് താലൂക്ക് കൺവേയൻസ്, 13കിമീ.) | | | | |
| 66കി.ഗ്രാം സിമിന്റ് @4300/ T | : | 283.80/- | | |
| കൺവേയൻസ് - 5 കിമീ.) @234/T | : | 15.44/- | | |
| വേതനം (എസ്.ഡി.ബി. ഇനം നം: 506) | : | 380.00/- | | |
| | : | 828.80 | = | 829/10 എം$^2$ |
| (2007 ഷെഡ്യൂൾ നിരക്ക്) | : | 44,980/- | | |
| അധികമായി നൽകിയത് | : | 139714-44980 | = | 94,734/- |

ടി വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: എ.9/6.1.12) മറുപടി നൽകിയില്ല. മറുപടി ഒന്നും നൽകാനില്ല എന്ന അനുമാനത്തിൽ അധികമായി ചെലവു ചെയ്ത 94,734/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ആവശ്യമില്ലാത്ത ഇനം ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ചെയ്യാത്ത ഇനം ഉൾക്കൊള്ളിച്ച് മൂല്യം തിട്ടപ്പെടുത്തുകയും ചെയ്ത എൻജിനീയറിൽ നിന്നും ഈടാക്കേ   താണ്.

**3-22 കൊട്ടാരം-ആലുങ്കൽ റോഡ് റീ-ടാറിംഗ് 09-10. പ്രവൃത്തി നടത്തിപ്പിലെ ന്യൂനതകൾ - 84619/- രൂപ നിരാകരിക്കുന്നു.**

2009-10 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കപ്പെട്ട് 2010-11-ൽ പൂർത്തീകരിച്ച കൊട്ടാരം-ആലുങ്കൽ (കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്) റോഡ് പുന:രുദ്ധാരണ പ്രവൃത്തിയിൽ ക്രമവിരുദ്ധ നിർവ്വഹണം മൂലം അധികച്ചെലവു   ായിട്ടു   ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 5,00,000/- | കരാറുകാരൻ | : | എസ്. അജീഷ് |
| ടെൻഡർ ഡിഡക്ഷൻ | : | 0.75% | പ്രവൃത്തിയുടെ മൂല്യം | : | 4,68,264/- |
| (-)ബിറ്റുമിൻ വില, ടെൻഡർ ഡിഡക്ഷൻ, നികുതി ഇവ കുറച്ചത് | | | | : | 1,43,087/- |
| പണം നൽകിയത് (ബിൽ നം: 18/10-11/11.9.10) | | | | : | 325,177/- |
| എം.ബുക്ക് | : | 24/08-09 | | | |

270 മീറ്റർ നീളത്തിൽ 2.6 മീറ്റർ വീതിയിൽ മുൻപ് ടാർ ചെയ്തിരുന്ന പ്രതലവും 80 മീറ്റർ നീളത്തിൽ 2.8 മീറ്റർ വീതിയിൽ മെറ്റൽ ചെയ്തിരുന്ന പ്രതലവും ഉൾപ്പെടെ റോഡിന്റെ ആകെ നീളം 350 മീറ്റർ ആണ്. റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനായി ഇരുവശത്തു നിന്നും 0.6 മീറ്റർ വീതിയിൽ 0.3 മീറ്റർ ആഴത്തിൽ മണ്ണ് എക്സ്ക്കവേറ്റ് ചെയ്തു റോഡിന്റെ വശങ്ങളിൽ വിരിച്ചു (ഇനം.നം:1. 2X 350 X 0.6 X 0.3 = 126എം$^3$@ 619/10എം$^3$ : 7799/-) ഇതിൽ മുൻപ് ടാർ ചെയ്തിരുന്ന 270 മീറ്റർ പ്രതലത്തിന്റെ ഇരുവശവും മണ്ണ് എക്സ്ക്കവേറ്റ് ചെയ്തു മാറ്റിയ കനത്തിലും, (30സെ.മീ) ബാക്കിയായ 80 മീറ്റർ പ്രതലവും വശങ്ങളും (മുൻപ് മണ്ണ് എക്സ്ക്കവേറ്റ് ചെയ്തു മാറ്റിയ ഭാഗം) 20 സെ.മീ. കനത്തിലും ഗ്രാവൽ വിരിച്ചുയർത്തി.

(ഇനം നം: 2   :   2 X 270 X.3 = 162

2 X 80 X.2 = 32 = 194 എം$^3$, എഗ്രിമെന്റ് അളവിൽ പരമിതപ്പെടുത്തി.

Local Fund Audit Department

158 എം$^{3}$ @4862/10 എം$^{3}$ = 76820)

റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് വശങ്ങളിലെ മണ്ണ് എക്സ്ക്കവേറ്റ് ചെയ്തു മാറ്റേ തില്ല. മെറ്റലിംഗ് നടത്താൻ കഴിയാത്ത വിധത്തിലുള്ള പൂഴിമണൽ ആണെങ്കിൽ അതിനു മുകളിൽ 10 സെ.മീ. കനത്തിൽ ഗ്രാവൽ വിരിച്ചുറപ്പിച്ചിട്ട് മെറ്റൽ ചെയ്താൽ മതിയാകും. ഇതിനു പുറമേ എക്സ്ക്കവേറ്റ് ചെയ്തു ലഭിച്ച 126എം$^{3}$ മണ്ണ് എം.ബുക്കിൽ പറയുന്നതുപോലെ റോഡിന്റെ വശങ്ങളിൽ വിരിച്ചിട്ടില്ല എന്ന് പ്രവൃത്തി പൂർത്തിയായതിനുശേഷമുള്ള റോഡിന്റെ ഫോട്ടോഗ്രാഫ് പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. റോഡിന്റെ ബേം ഭാഗവും, റൈറ്റ് ഓഫ് വേയും ഒരേ നിരപ്പിലാണ്. ഇതിൽ നിന്നും എക്സ്ക്കവേഷൻ നടത്തി മണ്ണ് മാറ്റിയിരുന്നില്ല എന്നും, ഗ്രാവൽ ഫില്ലിംഗ് നടത്തിയിരുന്നില്ല എന്നും വ്യക്തമാണ്. ഇതിനു പുറമേ മുൻപ് മെറ്റൽ മാത്രം ചെയ്തിരുന്ന 80 മീറ്റർ പ്രതലത്തിന്റെ ഇരുവശത്തുനിന്നും 30 സെ.മീ. കനത്തിൽ മണ്ണ് മാറ്റിയതായി പറഞ്ഞിരുന്ന ഭാഗം പിന്നീട് 20 സെ.മീ. കനത്തിൽ മാത്രമാണ് ഗ്രാവൽ വിരിച്ചുയർത്തിയത്. അതായത് റോഡിന്റെ ഇരുവശവും 10 സെ.മീ. ആഴത്തിൽ 60 സെ.മീ. വീതിയിൽ 'ചാൽ' നിൽക്കുന്ന വിധത്തിലാണ് പ്രവൃത്തി ചെയ്തിരിക്കുന്നതെന്ന് വ്യക്തമാകുന്നു. പ്രവൃത്തി അളന്ന് എം.ബുക്കിൽ രേഖപ്പെടുത്തി മൂല്യം തിട്ടപ്പെടുത്തുമ്പോൾ ഇപ്രകാരം 'അബദ്ധം' സംഭവിക്കില്ല. റോഡിന്റെ ബേംഭാഗത്ത് ചാൽ ഉ ാകുന്നവിധത്തിൽ പ്രവൃത്തി നടന്നില്ല എന്നതിനാൽ ക്രമ നം: 1,2 എന്നീ ഇനങ്ങൾ ചെയ്തിരുന്നില്ല എന്നു വ്യക്തമാണ്. ടിയിനങ്ങൾക്കായി ചെലവു ചെയ്ത 84,619/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല (7799+76820).

ടി വിവരങ്ങൾ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം: 13(1) മറുപടി നൽകിയില്ല.

ക്രമവിരുദ്ധമായി ചെലവു ചെയ്ത തുക എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിയുടെ മൂല്യം അളന്നു തിട്ടപ്പെടുത്തുകയും ചെയ്ത (ശ്രീ. സുന്ദർലാൽ.എ.ആർ., അസിസ്റ്റന്റ് എൻജിനീയർ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്) എൻജിനീയറിൽ നിന്നും ഈടാക്കേ താണ്.

<u>**3-23) കൊച്ചുപള്ളി - പ്രീതിക്കുളങ്ങര റോഡ് പുനഃരുദ്ധാരണം : ബേം ഫില്ലിംഗിന് അധിക തുക നൽകിയത് : 21,819/- രൂപ നിരാകരിക്കുന്നു.**</u>

2010-11 വാർഷിക പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ കൊച്ചുപള്ളി-പ്രീതികുളങ്ങര റോഡിന്റെ പുനഃരുദ്ധാരണ പ്രവൃത്തിയിൽ ബേം ഫില്ലിംഗിന് അധിക തുക നൽകിയതിനാൽ ക്രമവിരുദ്ധമായി 21,819/- രൂപ ചെലവു ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 19,10,000/- | കരാറുകാരൻ | : | കെ. ബൈജു. |
| ടെൻഡർ ഡിഡക്ഷൻ | : | 2% | എം.ബുക്ക് | : | 153/10 |
| പ്രവൃത്തിയുടെ മൂല്യം | : | 18,89,395/- | | | |
| ബിറ്റുമിൻ വിലയും നികുതിയും മറ്റും കുറവു ചെയ്തത് | | | | : | 4,29,078/- |
| പണം നൽകിയത് | : | ബിൽ നം: 151/10-11/31.3.11 | | : | 14,60,317/- രൂപ |

(ഡി.ഡി. നം: 073484 തീയതി, 6.4.2011).

റോഡിന്റെ എം ബാങ്ക്മെന്റ് 4 മീറ്റർ വീതിയിൽ (ചെയിനേജ് 250 മുതൽ 875 വരെ) ഗ്രാവൽ വിരിച്ചുയർത്തുകയും, മുൻപ് ആദ്യ മെറ്റലിംഗ് നടത്തിയിരുന്ന 0-250 വരെയുള്ള ഭാഗത്ത് ബേസ് കോഴ്സ് മെറ്റലിംഗും 250-790 വരെയുള്ള ഭാഗത്ത് ര ു മെറ്റലിംഗും 0-790 വരെയുള്ള ഭാഗം 3.2 മീറ്റർ വീതിയിൽ ടാറിംഗും നടത്തി. അതിനുശേഷം ബേം ഫില്ലിംഗ് നടത്തുന്നതിനായി താഴെപ്പറയും പ്രകാരം 62,591/- രൂപ ചെലവു ചെയ്തു.

| | | | |
|---|---|---|---|
| ചെയിനേജ് 0-250 | : | 2 X 250 X 0.75 X 0.1 = | 37.5 |
| ചെയിനേജ് 250-790 | : | 2 X 540 X 0.6 X 0.1 = | 64.8 |
| | | | 102.3 |
| (-) ഷ്രിംഗേജ് 10% | | | 10.2 |
| | | | 92.1 എം$^{3}$ |

Local Fund Audit Department

ടി അളവ് എഗ്രിമെന്റ് പ്രകാരമുള്ള 87.32 എം$^{3}$ -ൽ പരമിതപ്പെടുത്തി 716.8/ എം$^{3}$ എന്ന നിരക്കിൽ 62,591/- രൂപ നൽകി.

എന്നാൽ റോഡിന്റെ എം.ബാങ്ക്മെന്റ് വീതി 4 മീറ്റർ ആയതിനാൽ, ടാർ ചെയ്ത 3.2 മീറ്റർ വീതിയിലുള്ള പ്രതലം ഒഴികെ ബേംഫില്ലിംഗ് ആവശ്യമായത് ര ു വശങ്ങളിലുമായി 80 സെ.മീറ്റർ മാത്രമാണ്. ആയതിനാൽ ബേംഫില്ലിംഗിന് അനുവദിക്കാവുന്നത് താഴെപ്പറയും പ്രകാരം 40772/- രൂപ മാത്രമാണ്.

2 X 790 X.4 X.1 = 63.2 എം$^{3}$

(-) 10% ഷ്രിംഗേജ്= 6.32

= 56. 88 എം$^{3}$@716.8/എം$^{3}$ = 40772/-

അധികമായി ചെലവു ചെയ്തത് : 62591-40772 = 21819/-

ടി സംഗതിയിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം: 13.4) മറുപടി നൽകിയില്ല. അധികമായി ചെലവു ചെയ്ത 21,819/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. റ്റി.എം. അശോകനിൽ (അസിസ്റ്റന്റ് എൻജിനീയർ, മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്) നിന്നും ഈടാക്കേ താണ്.

**3-24 ഐ.ആർ.സി. സ്പെസിഫിക്കേഷനു വിരുദ്ധമായി ലെവലിംഗ് അൺഡുലേഷൻ നടത്തിയതു മൂലം അധികച്ചെലവ്.**

ഐ.ആർ.സി. സ്പെസിഫിക്കേഷൻ ഇനം നം: 501 അനുസരിച്ച് 20 എം.എം.നു താഴെയുള്ള അൺഡുലേഷൻ ലെവൽ ചെയ്യുന്നതിന്, അൺഡുലേഷൻ ലെവൽ ചെയ്യേ ുന്ന പ്രതലം ടാർ ചെയ്യുന്നതിനുപയോഗിക്കുന്ന 12 എം.എം. മെറ്റലിനൊപ്പം, ആയതിന്റെ അളവിന്റെ 20%-ൽ അധികരിക്കാതെ, 12 എം.എം. മെറ്റലും ബിറ്റുമിനും (ഒരു ഘനമീറ്ററിന് 48 കി.ഗ്രാം ബിറ്റുമിൻ എന്ന നിരക്കിൽ) മിക്സ് ചെയ്ത് ചേർത്താൽ മതിയാകും. എന്നാൽ ടി നിബന്ധന ലംഘിച്ച് അധിക അളവിൽ 12 എം.എം. മെറ്റലും ബിറ്റുമിനും മിക്സ് ചെയ്ത് ചേർത്തതായി രേഖപ്പെടുത്തി പ്രവൃത്തിയുടെ മൂല്യം തിട്ടപ്പെടുത്തിയതുമൂലം അധികച്ചെലവു ായതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1. പൊന്നാംവെളി - മേനാശ്ശേരി റോഡ് പുനഃരുദ്ധാരണം (പട്ടണക്കാട് ഗ്രാമപഞ്ചായത്ത്) 2010-11.**

| | | | | | |
|---|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 16,00,000/- | കോൺട്രാക്ടർ | : | ശാന്തമ്മ എബ്രഹാം |
| ടെൻഡർ ഡിഡക്ഷൻ | : | 16.7% | എം. ബുക്ക് നം. | : | 57/10 |
| പ്രവൃത്തിയുടെ മൂല്യം | : | | | | 16,06,958/- |
| (-) ടെൻഡർ ഡിഡക്ഷനും നികുതികളും, ബിറ്റുമിൻ വിലയും മറ്റും കുറച്ചത് : | | | | | 10,08,890/- |
| പണം നൽകിയത് : (ബിൽ നം: 109/10-11/29.3.11) | | | | : | 5,98,068/- |

റോഡിൽ വിവിധയിടങ്ങളിലായി 952.8 ച.മീറ്റർ പ്രതലം ലെവൽ ചെയ്യുന്നതിന് താഴെപ്പറയും പ്രകാരം 110,347/- രൂപ ചെലവു ചെയ്തു.

ലെവലിംഗ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന 12 എം.എം. മെറ്റലിന്റെ വില

(ഇനം നം: 2) 25.725 എം$^{3}$ @1532/ എം$^{3}$ 39,411

1 എം$^{3}$ ന് 48കി.ഗ്രാം എന്ന നിരക്കിൽ ബിറ്റുമിൻ വിലയും ബിറ്റുമിനും 12 എം.എം.മെറ്റലും

മിക്സ് ചെയ്യുന്നതിനുള്ള വേതനവും ഉപകരണങ്ങളുടെ വാടകയും 72,673/-

(ഇനം നം:6) 25.725 എം$^{3}$ @ 2825/ എം$^{3}$

ആകെ 1,12,084/-

Local Fund Audit Department

1 ച.മീറ്റർ പ്രതലം ടാർ ചെയ്യുന്നതിന് ആവശ്യമായ 12 എംഎം മെറ്റൽ 0.027 എം$^3$

ഐ.ആർ.സി. സ്പെസിഫിക്കേഷൻ അനുസരിച്ച് 20 എം.എം.-നു താഴെയുള്ള അൺഡുലേഷൻ ലെവലിംഗിന് ആവശ്യമായ മെറ്റൽ ടാറിംഗിന് ഉപയോഗിക്കുന്ന 12 എം.എം. മെറ്റലിന്റെ 20%

952.8 ച.മീറ്റർ പ്രതലം ലെവൽ ചെയ്യാൻ ആവശ്യമായ 12 എം.എം.മെറ്റൽ : 952.8 X 0.027=25.725 എം$^3$

952.8 ച.മീറ്റർ പ്രതലം ലെവൽ ചെയ്യാൻ ആവശ്യമായ 12 എം.എം.മെറ്റൽ : 952.8 X 0.027 X 20/100 = 5.15 എം$^3$

അനുവദിക്കാവുന്ന ചെലവ്:-

5.15 എം$^3$ 12 എം.എം. മെറ്റൽ വില : 5.15 X 1532 = 7,890/-

1 എം$^3$ ന് 48കി.ഗ്രാം നിരക്കിൽ ബിറ്റുമിൻ വിലയും, വേതനവും, വാടകയും : 5.15 X 2825 = 14,549/-

22,439/-

| | | | | |
|---|---|---|---|---|
| അധികമായി കണക്കാക്കിയത് | : | 112084-22439 | = | 89,645/- |
| (-) ടെൻഡർ ഡിഡക്ഷൻ | : | 16.4% | = | 14,704/- |
| അധികമായി നൽകിയത് | | | | 74,941/- |

2. കൊടുന്തേർ - പടനിലം റോഡ് (പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്)

| | | | | | |
|---|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 23,70,000/- | കോൺട്രാക്ടർ | : | മാത്യൂ വർഗ്ഗീസ് |
| ടെൻഡർ ഡിഡക്ഷൻ | : | 3% | എം.ബുക്ക് | : | 33/10 |
| പ്രവൃത്തിയുടെ മൂല്യം | | | | : | 23,11,134/- |
| (-)ടെൻഡർ ഡിഡക്ഷൻ, ബിറ്റുമിൻ വില, നികുതി മുതലായവ കുറച്ചത് | | | | : | 12,74,373/- |
| ബിൽ നം. 113/10-11/29.3.11 | | | | : | 10,36,761/- |

റോഡിൽ വിവിധ ഇടങ്ങളിലായി 382 മീറ്റർ നീളം 2 മുതൽ 3 മീറ്റർ വരെ വീതിയിൽ ലെവലിംഗ് അൺഡുലേഷൻ (24.99 എം$^3$ ) നടത്തിയതിന്റെ എം.ബുക്കു പ്രകാരമുള്ള ചെലവ്:-

ഇനം നം: 3 : 24.99 എം$^3$ 12 എം.എം. മെറ്റൽ വില @1690 = 42,233/-

ഇനം നം: 5 : ബിറ്റുമിൻ വിലയും വേതനവും വാടകയും

ഉൾപ്പെടെ പ്രവൃത്തി ചെയ്തതിന്റെ ചെലവ് 24.99 എം$^3$ @2840/ എം$^3$ = 70,972/-

ആകെ = 113,205/-

അനുവദിക്കാവുന്ന ചെലവ്:-

റോഡിൽ ടാറിംഗ് ചെയ്ത 3.6 മീറ്റർ വീതിയിൽ

382 മീറ്റർ പ്രതലം (382 x 3.6 = 1375.2)അൺഡുലേഷൻ ലെവൽ ചെയ്യാൻ അനുവദിക്കാവുന്ന തുക:-

12എം.എം. മെറ്റൽ അളവും, വിലയും.

382 X 3.6 X 0.027 X 20/100 = 7.43 എം$^3$@1690/ എം$^3$ : 12,557/-

1ഘന മീറ്ററിന് 48 കി.ഗ്രാം നിരക്കിൽ ബിറ്റുമിൻ വിലയും വേതനവും

ഉപകരണ വാടകയും 7.43 എം$^3$ @2840/ എം$^3$ : 21,101/-

33,658/-

അധികമായി കണക്കാക്കിയത് : 113205-33658/- : 79,547/-

Local Fund Audit Department

| | | | | |
|---|---|---|---|---|
| (-) ടെൻഡർ ഡിഡക്ഷൻ 3% | | | : | 2,386/- |
| അധികമായി നൽകിയത് | | | : | 77,161/- |

3. എൻ.എച്ച്. തോട്ടപ്പള്ളി റോഡ് - എഴുപുന്ന ഗ്രാമപഞ്ചായത്ത്.

| | | | | |
|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 7,25,000/- | കോൺട്രാക്ടർ | : പി.വി. എബ്രഹാം |
| ടെൻഡർ ഡിഡക്ഷൻ | : | 4% | എം. ബുക്ക് | : 109/10 |
| പ്രവൃത്തിയുടെ മൂല്യം | : | 693,920/- | | |
| ബിറ്റുമിൻ വില, ടെൻഡർ ഡിഡക്ഷൻ, നികുതി എന്നിവ കുറവു ചെയ്തത് | | | | : 3,83,599/- |
| പണം നൽകിയത് | : | ബിൽ നം: 146/10-11/31.3.11 | | : 3,10,321/- |

റോഡിൽ വിവിധയിടങ്ങളിലായി 257 മീറ്റർ നീളത്തിൽ 1.6-3 മീറ്റർ വരെ വീതിയിൽ അൺഡുലേഷൻ ലെവൽ ചെയ്യുന്നതിന് താഴെപ്പറയും പ്രകാരം 56,467/- രൂപ ചെലവു ചെയ്തു.

ലെവലിംഗിന് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന 12 എം.എം. മെറ്റൽ വില 12.96 എം$^3$ @ 1532 = 19,855/-

1 എം$^3$ ന് 48 കി.ഗ്രാം ബിറ്റുമിൻ എന്ന നിരക്കിൽ ബിറ്റുമിൻ വിലയും വേതനവും
ഉപകരണങ്ങളുടെ വാടകയും 12.96 എം$^3$ @2825 = 36,612/-

ആകെ = 56,467/-

257 മീറ്റർ, ടാർ ചെയ്ത 3.3 മീറ്റർ വീതിയിലും അൺഡുലേഷൻ ലെവൽ ചെയ്യുന്നതിന് അനുവദിക്കാവുന്ന തുക താഴെപ്പറയുന്നു.

അൺഡുലേഷൻ ലെവലിംഗിന് ആവശ്യമായ 12 എം.എം. മെറ്റൽ അളവും, വിലയും

$257 \times 3.3 \times 0.027 \times \frac{20}{100} = 4.58$ എം$^3$ @1532 = 7,017/-

1 എം$^3$ ന് 48 കി.ഗ്രാം ബിറ്റുമിൻ എന്ന നിരക്കിൽ ബിറ്റുമിൻ വിലയും വേതനവും വാടകയും
4.58 എം$^3$ @2825/എം$^3$ = 12,939/-

ആകെ = 19,956/-

അധികമായി കണക്കാക്കിയത് : 56467-19956 = 36,511/-

(-) ടെൻഡർ ഡിഡക്ഷൻ @4% = 1,460/-

അധികമായി നൽകിയത് = 35,051/-

4. പുല്ലുവെളി - ഇലക്ട്രിസിറ്റി ജംഗ്ഷൻ റോഡ് പാണാവള്ളി ഗ്രാമപഞ്ചായത്ത്.

| | | | | | |
|---|---|---|---|---|---|
| എസ്റ്റിമേറ്റ് | : | 5,20,000/- | കോൺട്രാക്ടർ | : | റോയിസ് ജോൺ |
| എം. ബുക്ക് | : | 243/08 | പ്രവൃത്തിയുടെ മൂല്യം | : | 5,21,897/- |
| ബിറ്റുമിൻ വിലയും നികുതിയും മറ്റും കുറച്ചത് | | | | : | 2,76,950/- |
| ബിൽ നം: 85/10-11/17-03-11 | | | | : | 2,44,947/- |

റോഡിന്റെ വിവിധ ഇനങ്ങളിലായി 1.2-3.5 മീറ്റർ വീതിയിൽ 219.25 മീറ്റർ നീളം പ്രതലം അൺഡുലേഷൻ ലെവൽ ചെയ്തതായി രേഖപ്പെടുത്തി താഴെപ്പറയും പ്രകാരം 33,842/- ചെലവു ചെയ്തു.

Local Fund Audit Department

ലെവലിംഗിനായി ഉപയോഗിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്ന

12 എം.എം. മെറ്റൽ വില 9.91 എം$^3$ @1297 : 12,853/-

1 എം$^3$-ന് 48 കി.ഗ്രാം എന്ന നിരക്കിൽ ബിറ്റുമിൻ വിലയും വേതനവും

ഉപകരണങ്ങളുടെ വാടകയും 9.91 എം$^3$ @2118/ എം$^3$ : 20,989/-

33,842/-

219.25 മീറ്റർ നീളത്തിൽ ടാർ ചെയ്ത മുഴുവൻ വീതിയിലും (3.5 മീ) അൺഡുലേഷൻ ലെവൽ ചെയ്യുന്നതിന് അനുവദിക്കാവുന്ന തുക താഴെപ്പറയുന്നു.

-അൺഡുലേഷൻ ലെവലിംഗ് ആവശ്യമായ 12 എംഎം. മെറ്റലിന്റെ

അളവും വിലയും $219.25 \times 3.5 \times 0.027 \times \frac{20}{100} = 4.14$ എം$^3$ @1297 : 5,370/-

-1 എം$^3$ ന് 48 കി.ഗ്രാം എന്ന നിരക്കിൽ ബിറ്റുമിൻ വിലയും, വേതനവും വാടകയും

4.14 എം$^3$ @ 2118/ എം$^3$ : 8,769/-

ആകെ : 14,139/-

അധികമായി ചെലവു ചെയ്തത് : 33842-14139 = 19,703/-

ടി സംഗതിയിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. മറുപടി നൽകാനില്ല എന്ന അനുമാനത്തിൽ അധികമായി ചെലവഴിച്ച 2,06,856/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**3-25) ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള കൃഷി ഫാമുകൾ പ്രവർത്തനാവലോകന റിപ്പോർട്ടുകൾ പുറപ്പെടുവിച്ചത്.**

''ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള കൃഷിഫാമുകൾ'' എന്ന വിഷയത്തെ ആസ്പദമാക്കി ആലപ്പുഴ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മാവേലിക്കര-ജില്ലാ കൃഷിത്തോട്ടത്തിലും, വീയപുരം വിത്തുല്പാദന കേന്ദ്രത്തിലും നടത്തിയ പ്രവർത്തനാവലോകനത്തിന്റെ റിപ്പോർട്ടുകൾ താഴെപ്പറയും പ്രകാരം പുറപ്പെടുവിച്ചിട്ടു ്.

1. മാവേലിക്കര ജില്ലാ കൃഷിത്തോട്ടം : എൽ.എഫ്.ജി.എ4-1204/2012 തീയതി, 05-10-2012.
2. വീയപുരം വിത്തുൽപ്പാദന കേന്ദ്രം : എൽ.എഫ്.ജി.എ4-1434/2012 തീയതി, 27.12.2012.

മേൽപ്പറഞ്ഞ റിപ്പോർട്ടുകൾ 2010-11-ലെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി കണക്കാക്കേ താണ്.

## ഭാഗം - 4

## ധനസ്ഥിതി വിവരണവും, ഓഡിറ്റ് പ്രത്യവലോകനവും

**4-1) വായ്പ/വായ്പ തിരിച്ചടവ്** : ഇല്ല

**4-2) സ്ഥിരനിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)** :

ആലപ്പുഴ ജില്ലാ ട്രഷറിയിൽ നിലനിന്നിരുന്ന 50,000/-രൂപയുടെ സ്ഥിരനിക്ഷേപം പലിശ ഉൾപ്പെടെ 65,160/- രൂപ നീക്കിയിരിപ്പു ്.

**4-3)** ആദായ നികുതി, വില്പന നികുതി, നിർമ്മാണ തൊഴിലാളി വിഹിതം എന്നീയിനങ്ങളിലെ വരവും, ഒടുക്കു വിവരവും രേഖപ്പെടുത്തുന്നതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കു പ്രകാരം ഓഡിറ്റ് വർഷം, ജീവനക്കാരിൽ നിന്നും വർക്കുബില്ലുകളിൽ നിന്നും വസൂലാക്കിയ 8,45,199/- രൂപ ആദായ നികുതി ഇനത്തിലും 32,31,592/- രൂപ വില്പന നികുതി ഇനത്തിലും, 9,24,761/- രൂപ നിർമ്മാണ തൊഴിലാളി വിഹിതം ഇനത്തിലും വരവുള്ളതായും, ടി തുകകൾ ഇതേ സാമ്പത്തിക വർഷം തന്നെ ഒടുക്കുവരുത്തിയിട്ടുള്ളതായും കാണുന്നു. സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കു വരുത്തേ തുകകൾ സംബന്ധിച്ച് കൃത്യമായ രജിസ്റ്റർ സൂക്ഷിക്കേ താണ്.

**4-4) ഓഡിറ്റ് റിക്കവറി** : ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല.

Local Fund Audit Department

**4-5) ഓഡിറ്റ് ചാർജ്ജ്** : ജി.ഒ.(പി) 124/2012/തസ്വഭവ തീയതി, 10-05-2012 ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഓഡിറ്റ് ചാർജ്ജ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടു ്.

**4(6) ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45,09,83,964/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33,74,52,611/- |
| വരവിനങ്ങളിലുളള നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുളള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,93,015/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 371,22,347/- |

**(ബി) പഞ്ചായത്ത് ഫ ിനു ായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേര് / ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | | 1,30,212/ | ശ്രീ. ദേവരാജൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3-6 | | 54,775/ | ശ്രീ. എസ്. ബാലകൃഷ്ണൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ. |
| 3-21 | | 94,734/ | ശ്രീ. സന്തോഷ്കുമാർ, അസിസ്റ്റന്റ് എൻജിനീയർ<br>ശ്രീമതി. ജയ. സി.ജെ., അസിസ്റ്റന്റ് എൻജിനീയർ |
| 3-22 | | 84,619/ | ശ്രീ. എ.ആർ. സുന്ദർലാൽ, അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി. സെക്ഷൻ, വയലാർ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്). |
| 3-23 | | 21,819/ | ശ്രീ. റ്റി.എം. അശോകൻ, അസിസ്റ്റന്റ് എൻജിനീയർ, മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്. |
| 3-24(1) | | 74,941/ | ശ്രീ. തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. വയലാർ. |
| (2) | | 77,161/ | ശ്രീമതി. മഞ്ജു.ജി., അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി. ഹരിപ്പാട്. |
| (3) | | 35,051/ | ശ്രീ. സുന്ദർലാൽ.എ.ആർ., അസിസ്റ്റന്റ് എൻജിനീയർ, എഴുപുന്ന ഗ്രാമപഞ്ചായത്ത്. |
| (4) | | 19,703/ | ശ്രീ.എ.കെ.വേലായുധൻ, അസിസ്റ്റന്റ് എൻജിനീയർ, പാണാവള്ളി |
| ആകെ | | 5,93,015/ | |

**തടസ്സപ്പെടുത്തിയ തുകയുടെ വിശദവിവരം**

| ഖണ്ഡിക നം. | തുക . |
|---|---|
| 3-1 | 7,05,262.00 |
| 3-3 | 3,12,750.00 |
| 3-4 | 4,568.00 |
| 3-7 | 36,700.00 |
| 3-8 | 20,000.00 |
| 3-9(2) | 2,10,000.00 |
| 3-9(3) | 5,25,000.00 |
| 3-9(4) | 2,60,000.00 |
| 3-11 | 26,25,000.00 |
| 3-12(എ) | 9, 96,000.00 |
| 3-12(ബി) | 2,54,400.00 |
| 3-14 | 17,00,000.00 |

Local Fund Audit Department

| | |
|---|---|
| 3-16(3(1) | 21,08,272.00 |
| 3-16(3-i) | 2,39,89,475.00 |
| 3-16(3-ii ) | 6,37,250.00 |
| 3-18(1) | 5, 09,770.00 |
| 3-18(2) | 4,25,900.00 |
| 3-20 | 18,05,000.00 |
| **ആകെ** | ₹ **3,71,22,347.00/-** |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കു ായ നഷ്ടത്തിന്റെ വിവരം** : ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ** : ഖ. 3-9

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേര്/ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. എസ്. ബാലകൃഷ്ണൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | വിരമിച്ചു | ''അശ്വതി'', നോർത്ത് പറവൂർ, ചാത്തന്നൂർ, കൊല്ലം. |
| 2. | ശ്രീ. ദേവരാജൻ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം.പി.ഒ. | 'സരോവരം', കാഞ്ഞൂർ, ചേപ്പാട്.പി.ഒ., ഹരിപ്പാട്. |

**4-7 -തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽഎഫ്എ.4-614/99/15.11.99 | |
| 1997-98 | എൽ.എഫ്.എ.14-774/00/31.8.00 | |
| 1998-99 | എൽഎഫ്എ.14- 782/01/13.9.01 | |
| 1999-00 | എൽഎഫ്എ14- 221/02/13.7.02 | |
| 2000-01 | എൽഎഫ്എ14- 1039/04/17.01.05 | |
| 2001-02 | എൽഎഫ്എ14- 1040/04/17.1.05 | |
| 2002-03 | എൽഎഫ്എ.16- 867/06/15.11.06 | |
| 2003-04 | എൽഎഫ്എ.16-868/06/15.11.06 | |
| 2004-05 | എൽ.എഫ്.എ.16-869/06/15.11.06 | |
| 2005-06 | എൽ.എഫ്.എ.16-405/07/27.2.07/11.12.07 | |
| 2006-07 | എൽ.എഫ്.എ.16-1582/07/20.9.08/11.11.08 | |
| 2007-08 | എൽ.എഫ്.എ.16-87/09/3.6.09/14.1.10 | |
| 2008-09 | എൽ.എഫ്.എ.16-1381/09/8.9.10 | |
| 2009-10 | എൽ.എഫ്.എ.പി-1-1519/10/26.8.11/30.8.2011 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫ ് ഓഡിറ്റ്, ജില്ലാ ഓഫീസ്, ആലപ്പുഴ.

Local Fund Audit Department